# നിങ്ങൾ ഞങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കുമ്പോൾ, നിങ്ങൾ ഞങ്ങളെ വിശ്വസിച്ച് വിവരങ്ങൾ ഏൽപ്പിക്കുകയാണ്. ഇതൊരു വലിയ ഉത്തരവാദിത്തമാണെന്ന് ഞങ്ങൾ മനസ്സിലാക്കുകയും നിങ്ങളുടെ വിവരങ്ങൾ പരിരക്ഷിക്കാനും അവയുടെ നിയന്ത്രണം നിങ്ങൾക്ക് നൽകാനും കഠിനമായി പരിശ്രമിക്കുകയും ചെയ്യുന്നു.

ഞങ്ങൾ എന്തൊക്കെ വിവരമാണ് ശേഖരിക്കുന്നതെന്നും എന്തിനാണ് അവ ശേഖരിക്കുന്നതെന്നും നിങ്ങളുടെ വിവരങ്ങൾ എങ്ങനെ നിങ്ങൾക്ക് അപ്‌ഡേറ്റ് ചെയ്യാമെന്നും നിയന്ത്രിക്കാമെന്നും എക്സ്‌പോർട്ട് ചെയ്യാമെന്നും ഇല്ലാതാക്കാമെന്നും മനസ്സിലാക്കാൻ നിങ്ങളെ സഹായിക്കുകയാണ് ഈ സ്വകാര്യത നയത്തിന്റെ ഉദ്ദേശ്യം.

നിങ്ങളുടെ വിവരങ്ങൾ പ്രോസസ് ചെയ്യുന്ന കാര്യത്തിൽ യൂറോപ്യൻ യൂണിയൻ അല്ലെങ്കിൽ യുണൈറ്റഡ് കിംഗ്ഡത്തിലെ, ഡാറ്റാ പരിരക്ഷാ നിയമം ബാധകമാണെങ്കിൽ, നിങ്ങളുടെ അവകാശങ്ങളെയും ഈ നിയമങ്ങൾ Google അനുസരിക്കുന്നതിനെയും കുറിച്ച് കൂടുതലറിയാൻ ചുവടെയുള്ള യൂറോപ്യൻ ആവശ്യകതകൾ വിഭാഗം നിങ്ങൾക്ക് അവലോകനം ചെയ്യാം.

സ്വകാര്യതാ പരിശോധന

നിങ്ങളുടെ സ്വകാര്യതാ ക്രമീകരണം മാറ്റുകയാണോ വേണ്ടത്?

സ്വകാര്യതാ പരിശോധന നടത്തുക

---

പ്രാബല്യത്തിൽ വരുന്ന തീയതി: 2023, ജൂലൈ 1

ആർക്കൈവ് ചെയ്തിട്ടുള്ള പതിപ്പുകൾ

---

പുതിയ മാർഗ്ഗങ്ങളിൽ ലോകത്തെ അടുത്തറിയാനും ലോകവുമായി ആശയവിനിമയം നടത്താനും ദശലക്ഷക്കണക്കിന് ആളുകളെ സഹായിക്കുന്ന സേവനങ്ങളുടെ ശ്രേണിയാണ് ഞങ്ങൾ നിർമ്മിക്കുന്നത്. ഞങ്ങളുടെ സേവനങ്ങളിൽ ഇനിപ്പറയുന്ന ഉൾപ്പെടുന്നു:

- Search, YouTube, Google Home എന്നിവ പോലെയുള്ള Google ആപ്പുകളും സൈറ്റുകളും ഉപകരണങ്ങളും
- Chrome ബ്രൗസറും Android ഓപ്പറേറ്റിംഗ് സിസ്റ്റവും പോലുള്ള പ്ലാറ്റ്‌ഫോമുകൾ
- പരസ്യങ്ങളും അനലിറ്റിക്‌സും ഉൾച്ചേർത്തിട്ടുള്ള Google Maps-ഉം പോലുള്ള, മൂന്നാം കക്ഷി ആപ്പുകളിലേക്കും സൈറ്റുകളിലേക്കും സമന്വയിപ്പിച്ചിട്ടുള്ള ഉൽപ്പന്നങ്ങൾ

നിങ്ങളുടെ സ്വകാര്യത മാനേജ് ചെയ്യാൻ നിരവധി മാർഗ്ഗങ്ങളിൽ നിങ്ങൾക്ക് ഞങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കാവുന്നതാണ്. ഉദാഹരണത്തിന്, ഇമെയിലുകളും ഫോട്ടോകളും പോലുള്ള ഉള്ളടക്കം സൃഷ്‌ടിക്കാനും മാനേജ് ചെയ്യാനും അല്ലെങ്കിൽ കൂടുതൽ പ്രസക്തമായ തിരയൽ ഫലങ്ങൾ കാണാനും നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ, ഒരു Google അക്കൗണ്ടിനായി നിങ്ങൾക്ക് സൈനപ്പ് ചെയ്യാവുന്നതാണ്. നിങ്ങൾ സൈൻ ഔട്ട് ആയിരിക്കുമ്പോഴോ അല്ലെങ്കിൽ ഒരു അക്കൗണ്ട് പോലും സൃഷ്‌ടിക്കാതെയോ നിങ്ങൾക്ക് Google-ൽ തിരയുകയോ YouTube വീഡിയോകൾ കാണുകയോ പോലുള്ള പല Google സേവനങ്ങളും ഉപയോഗിക്കാവുന്നതാണ്. Chrome അദൃശ്യ മോഡ് പോലുള്ള സ്വകാര്യ മോഡിൽ നിങ്ങൾക്ക് വെബ് ബ്രൗസ് ചെയ്യാനും തിരഞ്ഞെടുക്കാവുന്നതാണ്. ഞങ്ങൾ എന്ത് ശേഖരിക്കുന്നുവെന്നതും നിങ്ങളുടെ വിവരങ്ങൾ എങ്ങനെ ഉപയോഗിക്കപ്പെടുന്നു എന്നതും, ഞങ്ങളുടെ സേവനങ്ങളിൽ ഉടനീളം നിയന്ത്രിക്കാൻ നിങ്ങൾക്ക് സ്വകാര്യതാ ക്രമീകരണം ക്രമപ്പെടുത്താവുന്നതാണ്.

കാര്യങ്ങൾ സാധ്യമായത്ര വ്യക്തമായി വിശദീകരിക്കുന്നതിന്, ഞങ്ങൾ ഉദാഹരണങ്ങളും വിശദീകരണ വീഡിയോകളും പ്രധാന പദങ്ങളും നിർവചനങ്ങളും ചേർത്തിട്ടുണ്ട്. ഈ സ്വകാര്യതാ നയത്തെ കുറിച്ച് നിങ്ങൾക്ക് എന്തെങ്കിലും ചോദ്യങ്ങൾ ഉണ്ടെങ്കിൽ, നിങ്ങൾക്ക് ഞങ്ങളെ ബന്ധപ്പെടാവുന്നതാണ്

---

GOOGLE ശേഖരിക്കുന്ന വിവരങ്ങൾ

# നിങ്ങൾ ഞങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കുന്ന സമയത്ത് ഞങ്ങൾ ശേഖരിക്കുന്ന വിവര തരങ്ങളെ കുറിച്ച് നിങ്ങൾ മനസ്സിലാക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു

ഞങ്ങളുടെ ഉപയോക്താക്കൾക്കെല്ലാം മികച്ച സേവനങ്ങൾ നൽകുന്നതിന് – ഏത് ഭാഷയാണ് നിങ്ങൾ സംസാരിക്കുന്നതെന്ന അടിസ്ഥാന വസ്‌തുത നിർണ്ണയിക്കുന്നത് മുതൽ, ഏറ്റവും ഉപകാരപ്രദമായി നിങ്ങൾ കണ്ടെത്തുന്ന പരസ്യങ്ങൾ ഏതാണെന്നോ ഓൺലൈനിൽ നിങ്ങൾ

പ്രാധാന്യം നൽകുന്ന ആളുകൾ ആരാണെന്നോ നിങ്ങൾക്ക് ഇഷ്ടമാകാൻ ഇടയുള്ള YouTube വീഡിയോകൾ ഏതാണെന്നോ പോലുള്ള സങ്കീർണ്ണമായ കാര്യങ്ങൾ വരെയുള്ള വിവരങ്ങൾ ഞങ്ങൾ ശേഖരിക്കുന്നു. Google ശേഖരിക്കുന്ന വിവരങ്ങളും ആ വിവരങ്ങൾ ഉപയോഗിക്കപ്പെടുന്ന രീതിയും, ഞങ്ങളുടെ സേവനങ്ങൾ നിങ്ങൾ എങ്ങനെയാണ് ഉപയോഗിക്കുന്നത് എന്നതിനെയും സ്വകാര്യതാ നിയന്ത്രണങ്ങൾ നിങ്ങൾ എങ്ങനെയാണ് നിയന്ത്രിക്കുന്നത് എന്നതിനെയും ആശ്രയിച്ചിരിക്കുന്നു.

നിങ്ങളൊരു Google അക്കൗണ്ടിലേക്ക് സൈൻ ഇൻ ചെയ്യാത്തപ്പോൾ, നിങ്ങൾ ഉപയോഗിക്കുന്ന ബ്രൗസറിലേക്കോ ആപ്പിലേക്കോ ഉപകരണത്തിലേക്കോ ബന്ധിപ്പിച്ചിട്ടുള്ള തനത് ഐഡന്റിഫയറുകൾ ഉപയോഗിച്ച് ഞങ്ങൾ ശേഖരിക്കുന്ന വിവരങ്ങൾ ഞങ്ങൾ സംഭരിക്കുന്നു. മുൻഗണന നൽകുന്ന ഭാഷ അല്ലെങ്കിൽ നിങ്ങളുടെ ആക്റ്റിവിറ്റിയെ അടിസ്ഥാനമാക്കി കൂടുതൽ പ്രസക്തമായ തിരയൽ ഫലങ്ങളോ പരസ്യങ്ങളോ കാണിക്കണോ എന്നത് പോലെ ബ്രൗസിംഗ് സെഷനുകളിൽ ഉടനീളം നിങ്ങളുടെ മുൻഗണനകൾ നിലനിർത്താൻ ഇത് ഞങ്ങളെ അനുവദിക്കുന്നു.

നിങ്ങൾ സൈൻ ഇൻ ചെയ്തിരിക്കുമ്പോൾ, വ്യക്തിപര വിവരങ്ങളായി ഞങ്ങൾ പരിഗണിക്കുന്ന, Google അക്കൗണ്ടിനൊപ്പം ഞങ്ങൾ സംഭരിക്കുന്ന വിവരങ്ങളും ഞങ്ങൾ ശേഖരിക്കുന്നു,.

## നിങ്ങൾ സൃഷ്ടിക്കുന്നതോ ഞങ്ങൾക്ക് നൽകുന്നതോ ആയ സംഗതികൾ

ഒരു Google അക്കൗണ്ട് സൃഷ്ടിക്കുമ്പോൾ, നിങ്ങളുടെ പേരും ഒരു പാസ്‌വേഡും ഉൾപ്പെടെയുള്ള വ്യക്തിപരമായ വിവരങ്ങൾ നിങ്ങൾ ഞങ്ങൾക്ക് നൽകുന്നു. ഈ അക്കൗണ്ടിലേക്ക് ഒരു ഫോൺ നമ്പറോ പേയ്‌മെന്റ് വിവരങ്ങളോ ചേർക്കാനും നിങ്ങൾക്ക് തീരുമാനിക്കാവുന്നതാണ്. നിങ്ങളൊരു Google അക്കൗണ്ടിലേക്ക് സൈൻ ഇൻ ചെയ്തിട്ടില്ലെങ്കിലും, ഞങ്ങൾക്ക് വിവരങ്ങൾ നൽകാൻ നിങ്ങൾക്ക് തീരുമാനിക്കാവുന്നതാണ് - Google-മായി ആശയവിനിമയം നടത്തുന്നതിനും ഞങ്ങളുടെ സേവനങ്ങളെ കുറിച്ച് അപ്ഡേറ്റുകൾ സ്വീകരിക്കുന്നതിനുമുള്ള ഒരു ഇമെയിൽ വിലാസം ഇത്തരം വിവരങ്ങൾക്കുള്ള ഉദാഹരണമാണ്.

ഞങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കുമ്പോൾ നിങ്ങൾ സൃഷ്ടിച്ചക്കുന്ന, അപ്ലോഡ് ചെയ്യുന്ന ഉള്ളടക്കം അല്ലെങ്കിൽ മറ്റുള്ളവരിൽ നിന്നു നിങ്ങൾ സ്വീകരിക്കുന്ന ഉള്ളടക്കം എന്നിവയും ഞങ്ങൾ ശേഖരിക്കുന്നതാണ്. ഇതിൽ നിങ്ങൾ എഴുതുകയും സ്വീകരിക്കുകയും ചെയ്യുന്ന ഇമെയിൽ, നിങ്ങൾ സേവ് ചെയ്യുന്ന ഫോട്ടോകളും വീഡിയോകളും, നിങ്ങൾ സൃഷ്ടിക്കുന്ന ഡോക്കുമെന്റുകളും സ്പ്രെഡ്ഷീറ്റുകളും, YouTube വീഡിയോകളിൽ നിങ്ങൾ നടത്തുന്ന കമന്റുകൾ എന്നിവ ഉൾപ്പെടുന്നു.

# നിങ്ങൾ ഞങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കുന്ന സമയത്ത് ഞങ്ങൾ ശേഖരിക്കുന്ന വിവരങ്ങൾ

## നിങ്ങളുടെ ആപ്പുകളും ബ്രൗസറുകളും ഉപകരണങ്ങളും

നിങ്ങളുടെ ആപ്പുകളെയും ബ്രൗസറുകളെയും ഉപകരണങ്ങളെയും, Google സേവനങ്ങൾ ആക്സസ് ചെയ്യാൻ ഉപയോഗിക്കുന്ന ഉപകരണങ്ങളെയും, കുറിച്ചുള്ള വിവരങ്ങൾ ഞങ്ങൾ ശേഖരിക്കുന്നു, സ്വമേധയായുള്ള ഉൽപ്പന്ന അപ്ഡേറ്റുകളും ബാറ്ററി താഴ്ന്ന നിലയിൽ ആയിരിക്കുമ്പോൾ നിങ്ങളുടെ സ്ക്രീൻ മങ്ങിക്കലും പോലെയുള്ള ഫീച്ചറുകൾ നൽകാൻ ഈ വിവരങ്ങൾ ഞങ്ങളെ സഹായിക്കുന്നു.

തനത് ഐഡന്റിഫയറുകൾ, ബ്രൗസർ തരം, ബ്രൗസർ ക്രമീകരണം, ഉപകരണ തരം, ഉപകരണ ക്രമീകരണം, ഓപ്പറേറ്റിംഗ് സിസ്റ്റം, കാരിയറുടെ പേരും ഫോൺ നമ്പറും പോലെയുള്ള മൊബൈൽ നെറ്റ്വർക്ക് വിവരങ്ങൾ, ആപ്ലിക്കേഷൻ പതിപ്പ് നമ്പർ എന്നിവയൊക്കെ ഞങ്ങൾ ശേഖരിക്കുന്ന വിവരങ്ങളിൽ ഉൾപ്പെടുന്നു. IP വിലാസം, ക്രാഷ് റിപ്പോർട്ടുകൾ, സിസ്റ്റം ആക്റ്റിവിറ്റി, തീയതി, സമയം, നിങ്ങളുടെ അഭ്യർത്ഥനയുടെ റെഫറർ URL എന്നിവ ഉൾപ്പെടെ, ഞങ്ങളുടെ സേവനങ്ങളുമായുള്ള നിങ്ങളുടെ ആപ്പുകൾ, ബ്രൗസറുകൾ, ഉപകരണങ്ങൾ എന്നിവയുടെ ഇന്ററാക്ഷനെ കുറിച്ചുള്ള വിവരങ്ങളും ഞങ്ങൾ ശേഖരിക്കുന്നു.

നിങ്ങളുടെ ഉപകരണത്തിലെ ഒരു Google സേവനം, ഞങ്ങളുടെ സെർവറുകളുമായി ബന്ധപ്പെടുമ്പോൾ ഞങ്ങൾ ഈ വിവരങ്ങൾ ശേഖരിക്കുന്നു — ഉദാഹരണത്തിന്, Play Store-ൽ നിന്ന് നിങ്ങളൊരു ആപ്പ് ഇൻസ്റ്റാൾ ചെയ്യുമ്പോഴോ സ്വയമേവയുള്ള അപ്ഡേറ്റുകൾക്ക് ഒരു സേവനം പരിശോധിക്കുമ്പോഴോ. Google ആപ്പുകളുള്ള ഒരു Android ഉപകരണമാണ് നിങ്ങൾ ഉപയോഗിക്കുന്നതെങ്കിൽ, നിങ്ങളുടെ ഉപകരണത്തെ കുറിച്ചും ഞങ്ങളുടെ സെർവറുകളിലേക്കുള്ള കണക്ഷനെ കുറിച്ചുമുള്ള വിവരങ്ങൾ നൽകാൻ നിങ്ങളുടെ ഉപകരണം നിശ്ചിത ഇടവേളകളിൽ Google സെർവറുകളുമായി ബന്ധപ്പെടുന്നു. നിങ്ങളുടെ ഉപകരണ തരം, കാരിയർ പേര്, ക്രാഷ് റിപ്പോർട്ടുകൾ, ഏതൊക്കെ ആപ്പുകളാണ് നിങ്ങൾ ഇൻസ്റ്റാൾ ചെയ്തിരിക്കുന്നത് എന്ന വിവരം, ഉപകരണ ക്രമീകരണം അനുസരിച്ച്, നിങ്ങളുടെ Android ഉപകരണം എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെക്കുറിച്ചുള്ള മറ്റ് വിവരങ്ങൾ എന്നിവ പോലുള്ള സംഗതികൾ ഈ വിവരങ്ങളിൽ ഉൾപ്പെടുന്നു.

## നിങ്ങളുടെ ആക്റ്റിവിറ്റി

ഞങ്ങളുടെ സേവനങ്ങളിലെ നിങ്ങളുടെ ആക്റ്റിവിറ്റിയെ കുറിച്ച് വിവരങ്ങൾ ഞങ്ങൾ ശേഖരിക്കുന്നു, നിങ്ങൾക്ക് ഇഷ്ടമായേക്കാവുന്ന ഒരു YouTube വീഡിയോ ശുപാർശ ചെയ്യുന്നത്

പോലെയുള്ള സംഗതികൾ ചെയ്യാൻ ഞങ്ങൾ ഈ വിവരങ്ങൾ ഉപയോഗിക്കുന്നു. ഞങ്ങൾ ശേഖരിക്കുന്ന ആക്റ്റിവിറ്റി വിവരങ്ങളിൽ ഇനിപ്പറയുന്നവ ഉൾപ്പെട്ടേക്കാം:

- നിങ്ങൾ തിരയുന്ന പദങ്ങൾ
- നിങ്ങൾ കാണുന്ന വീഡിയോകൾ
- ഉള്ളടക്കവും പരസ്യങ്ങളും ആയി ബന്ധപ്പെട്ട കാഴ്ചകളും ഇന്ററാക്ഷനുകളും
- ശബ്ദ, ഓഡിയോ വിവരങ്ങൾ
- വാങ്ങൽ ആക്റ്റിവിറ്റി
- നിങ്ങൾ ആശയവിനിമയം നടത്തുകയോ ഉള്ളടക്കം പങ്കിടുകയോ ചെയ്യുന്ന ആളുകൾ
- ഞങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കുന്ന മൂന്നാം കക്ഷി സൈറ്റുകളിലെയും ആപ്പുകളിലെയും ആക്റ്റിവിറ്റി
- Google അക്കൗണ്ടുമായി നിങ്ങൾ സമന്വയിപ്പിച്ചിട്ടുള്ള Chrome ബ്രൗസിംഗ് ചരിത്രം

ഞങ്ങളുടെ കോളുകൾ ചെയ്യാനും സ്വീകരിക്കാനും അല്ലെങ്കിൽ സന്ദേശങ്ങൾ അയയ്ക്കാനും സ്വീകരിക്കാനുമുള്ള സേവനങ്ങൾ നിങ്ങൾ ഉപയോഗിക്കുന്നുവെങ്കിൽ നിങ്ങളുടെ ഫോൺ നമ്പർ, കോൾ ചെയ്ത വ്യക്തിയുടെ നമ്പർ, കോൾ സ്വീകരിക്കുന്ന വ്യക്തിയുടെ നമ്പർ, കൈമാറൽ നമ്പറുകൾ, അയച്ചയാളുടെയും സ്വീകരിച്ചയാളുടെയും ഇമെയിൽ വിലാസം, കോളുകളുടെയും സന്ദേശങ്ങളുടെയും സമയവും തീയതിയും, കോളുകളുടെ ദൈർഘ്യം, റൂട്ടിംഗ് വിവരങ്ങൾ, കോളുകളുടെയും സന്ദേശങ്ങളുടെയും തരങ്ങളും വോളിയവും പോലുള്ള കോൾ, സന്ദേശ ലോഗ് വിവരങ്ങൾ ഞങ്ങൾ ശേഖരിച്ചേക്കാം.

നിങ്ങളുടെ അക്കൗണ്ടിലേക്ക് സംരക്ഷിച്ചിട്ടുള്ള ആക്റ്റിവിറ്റി വിവരങ്ങൾ കണ്ടെത്താനും നിയന്ത്രിക്കാനും നിങ്ങൾക്ക് Google അക്കൗണ്ട് സന്ദർശിക്കാവുന്നതാണ്.

---

Google അക്കൗണ്ടിലേക്ക് പോവുക

---

## നിങ്ങളുടെ ലൊക്കേഷൻ വിവരങ്ങൾ

നിങ്ങൾ ഞങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കുമ്പോൾ നിങ്ങളുടെ ലൊക്കേഷനെ കുറിച്ചുള്ള വിവരങ്ങൾ ഞങ്ങൾ ശേഖരിക്കുന്നു, വാഹനമോടിച്ച് പോകാനുള്ള വഴികൾ, നിങ്ങൾക്ക് സമീപമുള്ള കാര്യങ്ങൾക്കുള്ള തിരയൽ ഫലങ്ങൾ, പൊതുവായ ലൊക്കേഷന്റെ

അടിസ്ഥാനത്തിലുള്ള പരസ്യങ്ങൾ എന്നിവ പോലുള്ള ഫീച്ചറുകൾ നിങ്ങൾക്ക് തരാൻ ഈ വിവരങ്ങൾ ഞങ്ങളെ സഹായിക്കുന്നു.

ചുവടെ പറയുന്ന കൃത്യതയുടെ വ്യത്യസ്‌ത തലങ്ങൾ ഉപയോഗിച്ച് നിങ്ങളുടെ ലൊക്കേഷൻ നിർണ്ണയിക്കാവുന്നതാണ്:

- നിങ്ങളുടെ ഉപകരണത്തിൽ നിന്നുള്ള മറ്റ് സെൻസർ ഡാറ്റയും GPS-ഉം
- IP വിലാസം
- നിങ്ങളുടെ തിരയലുകളും വീടോ ജോലിസ്ഥലമോ പോലെ നിങ്ങൾ ലേബൽ ചെയ്യുന്ന സ്ഥലങ്ങളും പോലുള്ള Google സേവനങ്ങളിലെ ആക്‌റ്റിവിറ്റി
- വൈഫൈ ആക്‌സസ് പോയിന്റുകൾ, സെൽ ടവറുകൾ Bluetooth പ്രവർത്തനക്ഷമമാക്കിയിട്ടുള്ള ഉപകരണങ്ങൾ എന്നിവ പോലെ, നിങ്ങളുടെ ഉപകരണത്തിന് അരികിലുള്ള സംഗതികളെ കുറിച്ചുള്ള വിവരങ്ങൾ

ഞങ്ങൾ ശേഖരിക്കുന്ന ലൊക്കേഷൻ ഡാറ്റയുടെ തരങ്ങളും അവ എത്രകാലം സംഭരിക്കുന്നു എന്നതും ഭാഗികമായി നിങ്ങളുടെ ഉപകരണ ക്രമീകരണത്തെയും അക്കൗണ്ട് ക്രമീകരണത്തെയും ആശ്രയിക്കുന്നു. ഉദാഹരണത്തിന്, ഉപകരണത്തിന്റെ ക്രമീകരണ ആപ്പ് ഉപയോഗിച്ച് നിങ്ങളുടെ Android ഉപകരണത്തിന്റെ ലൊക്കേഷൻ ഓണോ ഓഫോ ആക്കാവുന്നതാണ്. സൈൻ ഇൻ ചെയ്‌ത ഉപകരണങ്ങളുമായി നിങ്ങൾ പോകുന്ന സ്ഥലങ്ങളുടെ ഒരു സ്വകാര്യ മാപ്പ് സൃഷ്‌ടിക്കാൻ താൽപ്പര്യമുണ്ടെങ്കിൽ, ലൊക്കേഷൻ ചരിത്രം ഓണാക്കാവുന്നതുമാണ്. നിങ്ങളുടെ വെബ്, ആപ്പ് ആക്റ്റിവിറ്റി ക്രമീകരണം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടെങ്കിൽ, നിങ്ങളുടെ തിരയലുകളും Google സേവനങ്ങളിൽ നിന്നുള്ള, ലൊക്കേഷൻ വിവരങ്ങളും ഉൾപ്പെട്ടേക്കാവുന്ന മറ്റ് ആക്‌റ്റിവിറ്റിയും നിങ്ങളുടെ Google അക്കൗണ്ടിൽ സംരക്ഷിക്കും. ലൊക്കേഷൻ വിവരങ്ങൾ ഞങ്ങൾ എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെക്കുറിച്ച് കൂടുതലറിയുക.

---

ചില സാഹചര്യങ്ങളിൽ, Google പൊതുജനങ്ങൾക്ക് ആക്‌സസ് ചെയ്യാവുന്ന ഉറവിടങ്ങളിൽ നിന്നും നിങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കാറുണ്ട്. ഉദാഹരണത്തിന്, ഒരു പ്രാദേശിക പത്രത്തിൽ നിങ്ങളുടെ പേര് പ്രത്യക്ഷപ്പെടുന്നുവെങ്കിൽ, ഈ ലേഖനം Google-ന്റെ തിരയൽ യന്ത്രം സൂചികയിലാക്കുകയും നിങ്ങളുടെ പേരിന് മറ്റുള്ളവർ തിരയുമ്പോൾ അത് കാണിക്കുകയും ചെയ്തേക്കാം. Google-ന്റെ സേവനങ്ങളിൽ പ്രദർശിപ്പിക്കാൻ ഞങ്ങൾക്ക് ബിസിനസ് വിവരങ്ങൾ നൽകുന്ന ഡയറക്‌റ്ററി സേവനങ്ങൾ, ഞങ്ങളുടെ ബിസിനസ് സേവനങ്ങളുടെ ഉപഭോക്താക്കളാകാൻ സാധ്യതയുള്ളവരെ കുറിച്ചുള്ള വിവരങ്ങൾ ഞങ്ങൾക്ക് നൽകുന്ന മാർക്കറ്റിംഗ് പങ്കാളികൾ, ദുരുപയോഗത്തിന് എതിരെയുള്ള പരിരക്ഷയ്ക്കുള്ള വിവരങ്ങൾ ഞങ്ങൾക്ക് നൽകുന്ന സുരക്ഷാ പങ്കാളികൾ എന്നിവരെ പോലുള്ള വിശ്വസ്‌ത പങ്കാളികളിൽ നിന്നും ഞങ്ങൾ നിങ്ങളെ കുറിച്ചുള്ള വിവരങ്ങൾ

ശേഖരിച്ചേക്കാം. പരസ്യ പങ്കാളികളിൽ നിന്നും അവർക്ക് വേണ്ടിയുള്ള പരസ്യ സേവനവും ഗവേഷണ സേവനവും നൽകാൻ ഞങ്ങൾക്ക് വിവരങ്ങൾ ലഭിച്ചേക്കാം.

കുക്കികൾ, പിക്സൽ ടാഗുകൾ, ബ്രൗസർ വെബ് സ്റ്റോറേജ് അല്ലെങ്കിൽ അപ്ലിക്കേഷൻ ഡാറ്റ കാഷെകൾ എന്നിവ പോലുള്ള ലോക്കൽ സ്റ്റോറേജ്, ഡാറ്റാബേസുകൾ, സെർവർ ലോഗുകൾ എന്നിവ ഉൾപ്പെടെ വിവരങ്ങൾ ശേഖരിക്കാനും സംഭരിക്കാനും വ്യത്യസ്ത സാങ്കേതികവിദ്യകൾ ഞങ്ങൾ ഉപയോഗിക്കുന്നു.

---

എന്തിനാണ് GOOGLE ഡാറ്റ ശേഖരിക്കുന്നത്

# കൂടുതൽ മികച്ച സേവനങ്ങൾ നിർമ്മിക്കാൻ ഞങ്ങൾ ഡാറ്റ ഉപയോഗിക്കുന്നു

ഞങ്ങളുടെ എല്ലാ സേവനങ്ങളിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങൾ ഇനിപ്പറയുന്ന ഉദ്ദേശ്യങ്ങൾക്കായി ഉപയോഗിക്കുന്നു:

## ഞങ്ങളുടെ സേവനങ്ങൾ നൽകാൻ

ഫലങ്ങൾ തിരികെ നൽകാൻ നിങ്ങൾ തിരയുന്ന പദങ്ങൾ പ്രോസസ് ചെയ്യൽ അല്ലെങ്കിൽ നിങ്ങളുടെ കോൺടാക്റ്റുകളിൽ നിന്ന് സ്വീകർത്താക്കളെ നിർദ്ദേശിക്കുക വഴി ഉള്ളടക്കം പങ്കിടാൻ നിങ്ങളെ സഹായിക്കൽ എന്നിവ പോലെ, ഞങ്ങളുടെ സേവനങ്ങൾ നൽകാൻ നിങ്ങളുടെ വിവരങ്ങൾ ഞങ്ങൾ ഉപയോഗിക്കുന്നു.

## ഞങ്ങളുടെ സേവനങ്ങൾ പരിപാലിക്കാനും മെച്ചപ്പെടുത്താനും

ഔട്ടേജുകൾ ട്രാക്ക് ചെയ്യലോ ഞങ്ങൾക്ക് റിപ്പോർട്ട് ചെയ്യുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണലോ പോലെ, ഞങ്ങളുടെ സേവനങ്ങൾ പ്രതീക്ഷിച്ചത് പോലെ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കാനും നിങ്ങളുടെ വിവരങ്ങൾ ഞങ്ങൾ ഉപയോഗിക്കുന്നു. ഞങ്ങളുടെ സേവനങ്ങളിലേക്ക് മെച്ചപ്പെടുത്തലുകൾ നടത്താൻ നിങ്ങളുടെ വിവരങ്ങൾ ഞങ്ങൾ ഉപയോഗിക്കുന്നു — ഉദാഹരണത്തിന്, ഏതൊക്കെ തിരയൽ പദങ്ങളിലാണ് ഇടയ്ക്കിടെ അക്ഷരത്തെറ്റുകൾ വരുന്നതെന്ന് മനസ്സിലാക്കുന്നത്, ഞങ്ങളുടെ സേവനങ്ങളിൽ ഉടനീളം അക്ഷരത്തെറ്റ് പരിശോധനയുടെ ഫീച്ചറുകൾ മെച്ചപ്പെടുത്താൻ ഞങ്ങളെ സഹായിക്കും.

## പുതിയ സേവനങ്ങൾ വികസിപ്പിച്ചെടുക്കാൻ

പുതിയ സേവനങ്ങൾ വികസിപ്പിക്കാൻ ഞങ്ങളെ സഹായിക്കുന്നതിന് നിലവിലെ സേവനങ്ങളിൽ ഞങ്ങൾ ശേഖരിക്കുന്ന വിവരങ്ങൾ ഞങ്ങൾ ഉപയോഗിക്കുന്നു. ഉദാഹരണത്തിന്, ഫോട്ടോകൾക്കായുള്ള Google-ന്റെ ആദ്യ ആപ്പായ Picasa-യിൽ ആളുകൾ എങ്ങനെയാണ് അവരുടെ ഫോട്ടോകൾ ഓർഗനൈസ് ചെയ്യുന്നതെന്ന് മനസ്സിലാക്കിയത്, Google ഫോട്ടോസ് രൂപകൽപ്പന ചെയ്യാനും അവതരിപ്പിക്കാനും ഞങ്ങളെ സഹായിച്ചു.

## ഉള്ളടക്കവും പരസ്യങ്ങളും ഉൾപ്പെടെ, വ്യക്തിപരമാക്കിയ സേവനങ്ങൾ നൽകാൻ

ശുപാർശകളും വ്യക്തിപരമാക്കിയ ഉള്ളടക്കവും ഇഷ്ടാനുസൃതമാക്കിയ തിരയൽ ഫലങ്ങളും നൽകുന്നത് ഉൾപ്പെടെ, നിങ്ങൾക്ക് വേണ്ടി ഞങ്ങളുടെ സേവനങ്ങൾ ഇഷ്ടാനുസൃതമാക്കുന്നതിന് ശേഖരിക്കുന്ന വിവരങ്ങൾ ഞങ്ങൾ ഉപയോഗിക്കുന്നു. ഉദാഹരണത്തിന്, നിങ്ങൾ എങ്ങനെയാണ് Google ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നത് എന്നതിനെ അടിസ്ഥാനമാക്കി സുരക്ഷാ പരിശോധന നിങ്ങൾക്ക് സുരക്ഷാ നുറുങ്ങുവിവരങ്ങൾ നൽകുന്നു. നിങ്ങൾക്ക് ഇഷ്ടമായേക്കാവുന്ന പുതിയ ആപ്പുകൾ നിർദ്ദേശിക്കാൻ, നിങ്ങൾ മുമ്പേ ഇൻസ്റ്റാൾ ചെയ്തിട്ടുള്ള ആപ്പുകളും YouTube-ൽ നിങ്ങൾ കണ്ടിട്ടുള്ള വീഡിയോകളും പോലെയുള്ള വിവരങ്ങൾ Google Play ഉപയോഗിക്കുന്നു.

ക്രമീകരണത്തെ അടിസ്ഥാനമാക്കി, നിങ്ങളുടെ താൽപ്പര്യങ്ങളെ ആശ്രയിച്ച്, വ്യക്തിപരമാക്കിയ പരസ്യങ്ങളും നിങ്ങൾക്ക് ഞങ്ങൾ കാണിച്ചേക്കാം. ഉദാഹരണത്തിന്, നിങ്ങൾ "മൗണ്ടൻ ബൈക്കിന്" വേണ്ടി തിരയുകയാണെങ്കിൽ, YouTube-ൽ, സ്പോർട്സ് എക്യുപ്മെന്റിനായുള്ള പരസ്യങ്ങൾ നിങ്ങൾ കണ്ടേക്കാം. പരസ്യങ്ങൾ കാണിക്കുന്നതിനായി ഞങ്ങൾ ഉപയോഗിക്കേണ്ടത് ഏതൊക്കെ വിവരങ്ങളാണെന്ന് എന്റെ പരസ്യ കേന്ദ്രത്തിലെ നിങ്ങളുടെ പരസ്യ ക്രമീകരണം സന്ദർശിച്ച് നിങ്ങൾക്ക് നിയന്ത്രിക്കാം.

- വംശം, മതം, ലൈംഗിക ആഭിമുഖ്യം അല്ലെങ്കിൽ ആരോഗ്യം എന്നിവ പോലുള്ള സൂക്ഷ്മമായി കൈകാര്യം ചെയ്യേണ്ട വിഭാഗങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യക്തിപരമാക്കിയ പരസ്യങ്ങൾ ഞങ്ങൾ കാണിക്കില്ല.
- നിങ്ങളുടെ Drive, Gmail അല്ലെങ്കിൽ Photos-ൽ നിന്നുള്ള ഉള്ളടക്കം അടിസ്ഥാനമാക്കി വ്യക്തിപരമാക്കിയ പരസ്യങ്ങൾ ഞങ്ങൾ നിങ്ങളെ കാണിക്കില്ല.
- നിങ്ങൾ ഞങ്ങളോട് ആവശ്യപ്പെടാത്ത പക്ഷം, നിങ്ങളുടെ പേരോ ഇമെയിലോ പോലെ, നിങ്ങളെ വ്യക്തിപരമായി തിരിച്ചറിയാൻ കഴിയുന്ന വിവരങ്ങൾ ഞങ്ങൾ

പരസ്യദാതാക്കൾക്ക് നൽകില്ല. ഉദാഹരണത്തിന്, നിങ്ങൾ സമീപത്തുള്ള പൂക്കടയ്ക്കായുള്ള ഒരു പരസ്യം കണ്ട് "വിളിക്കാൻ ടാപ്പ് ചെയ്യുക" ബട്ടൺ തിരഞ്ഞെടുക്കുന്നുവെങ്കിൽ, നിങ്ങളുടെ കോൾ ഞങ്ങൾ ബന്ധിപ്പിക്കുകയും പൂക്കടയുമായി നിങ്ങളുടെ ഫോൺ പങ്കിടുകയും ചെയ്തേക്കാം.

എന്റെ പരസ്യ കേന്ദ്രത്തിലേക്ക് പോകുക

## പ്രകടനം അളക്കുക

എങ്ങനെയാണ് ഞങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കപ്പെടുന്നതെന്ന് മനസ്സിലാക്കാൻ വിശകലനത്തിനും അളവെടുക്കലിനും വേണ്ടി ഞങ്ങൾ ഡാറ്റ ഉപയോഗിക്കുന്നു. ഉദാഹരണത്തിന്, ഉൽപ്പന്ന ഡിസൈൻ ഒപ്റ്റിമൈസ് ചെയ്യൽ പോലെയുള്ള സംഗതികൾ ചെയ്യാൻ ഞങ്ങളുടെ സൈറ്റുകളിലേക്കുള്ള നിങ്ങളുടെ സന്ദർശനങ്ങളെ കുറിച്ചുള്ള ഡാറ്റ ഞങ്ങൾ വിശകലനം ചെയ്യും. പരസ്യ കാമ്പെയിനുകളുടെ പ്രകടനം മനസ്സിലാക്കുന്നതിന് പരസ്യദാതാക്കളെ സഹായിക്കാൻ നിങ്ങൾ ഇന്ററാക്റ്റ് ചെയ്യുന്ന പരസ്യങ്ങളെ കുറിച്ചുള്ള ഡാറ്റയും ഞങ്ങൾ ഉപയോഗിക്കുന്നു. ഇത് ചെയ്യാൻ, Google Analytics ഉൾപ്പെടെ, നിരവധി ടൂളുകൾ ഞങ്ങൾ ഉപയോഗിക്കുന്നു. നിങ്ങൾ സൈറ്റുകൾ സന്ദർശിക്കുമ്പോഴോ Google Analytics ഉപയോഗിക്കുന്ന ആപ്പുകൾ ഉപയോഗിക്കുമ്പോഴോ, ഈ സൈറ്റിലെയോ ആപ്പിലെയോ നിങ്ങളുടെ ആക്റ്റിവിറ്റിയെ കുറിച്ചുള്ള വിവരങ്ങളും ഞങ്ങളുടെ പരസ്യ സേവനങ്ങൾ ഉപയോഗിക്കുന്ന മറ്റ് സൈറ്റുകളിൽ നിന്നോ ആപ്പുകളിൽ നിന്നോ ഉള്ള ആക്റ്റിവിറ്റിയും ലിങ്ക് ചെയ്യാൻ Google Analytics കസ്റ്റമർ Google പ്രവർത്തനക്ഷമമാക്കാൻ തിരഞ്ഞെടുത്തേക്കാം.

## നിങ്ങളുമായി ആശയവിനിമയം നടത്താൻ

നിങ്ങളുമായി നേരിട്ട് ഇന്ററാക്റ്റ് ചെയ്യാൻ, നിങ്ങളുടെ ഇമെയിൽ വിലാസം പോലെ, ഞങ്ങൾ ശേഖരിക്കുന്ന വിവരങ്ങൾ ഞങ്ങൾ ഉപയോഗിക്കുന്നു. ഉദാഹരണത്തിന്, ഒരു അസാധാരണ ലൊക്കേഷനിൽ നിന്ന് Google അക്കൗണ്ടിലേക്ക് സൈൻ ഇൻ ചെയ്യാനുള്ള ശ്രമം പോലെ, എന്തെങ്കിലും സംശയകരമായ ആക്റ്റിവിറ്റി ഞങ്ങളുടെ ശ്രദ്ധയിൽ പെടുകയാണെങ്കിൽ, നിങ്ങൾക്ക് ഞങ്ങളൊരു അറിയിപ്പ് അയച്ചേക്കാം. അല്ലെങ്കിൽ, ഞങ്ങളുടെ സേവനങ്ങളിലേക്ക് വരാൻ പോകുന്ന മാറ്റങ്ങളെയോ മെച്ചപ്പെടുത്തലുകളെയോ കുറിച്ച് നിങ്ങളെ അറിയിച്ചേക്കാം. നിങ്ങൾ Google-നെ ബന്ധപ്പെടുന്നുവെങ്കിൽ, നിങ്ങൾ അഭിമുഖീകരിച്ചേക്കാവുന്ന പ്രശ്നങ്ങളെല്ലാം പരിഹരിക്കാൻ സഹായിക്കുന്നതിന് നിങ്ങളുടെ അഭ്യർത്ഥനയുടെ ഒരു റെക്കോർഡ് ഞങ്ങൾ സൂക്ഷിക്കും.

## Google-നെയും ഞങ്ങളുടെ ഉപയോക്താക്കളെയും പൊതുജനങ്ങളെയും പരിരക്ഷിക്കുക

ഞങ്ങളുടെ സേവനങ്ങളുടെ സുരക്ഷയും വിശ്വസനീയതയും മെച്ചപ്പെടുത്താൻ സഹായിക്കാൻ ഞങ്ങൾ വിവരങ്ങൾ ഉപയോഗിക്കുന്നു. Google-നോ ഞങ്ങളുടെ ഉപയോക്താക്കൾക്കോ പൊതുജനങ്ങൾക്കോ ഉപദ്രവം വരുത്തിയേക്കാവുന്ന തട്ടിപ്പ്, ദുരുപയോഗം, സുരക്ഷാ അപകടസാധ്യതകൾ, സാങ്കേതിക പ്രശ്നങ്ങൾ എന്നിവ തിരിച്ചറിയുന്നതും തടയുന്നതും അവയോട് പ്രതികരിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു.

---

ഈ ഉദ്ദേശ്യങ്ങൾക്കായി നിങ്ങളുടെ വിവരങ്ങൾ പ്രോസസ് ചെയ്യാൻ ഞങ്ങൾ വ്യത്യസ്ത സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നു. ഇഷ്ടാനുസൃതമാക്കിയ തിരയൽ ഫലങ്ങൾ, വ്യക്തിപരമാക്കിയ പരസ്യങ്ങൾ അല്ലെങ്കിൽ ഞങ്ങളുടെ സേവനങ്ങൾ നിങ്ങൾ ഉപയോഗിക്കുന്ന രീതിക്ക് യോജിച്ച മറ്റ് ഫീച്ചറുകൾ എന്നിവ പോലുള്ള സംഗതികൾ നിങ്ങൾക്ക് നൽകാൻ, നിങ്ങളുടെ ഉള്ളടക്കം വിശകലനം ചെയ്യുന്ന, സ്വമേധയാ പ്രവർത്തിക്കുന്ന സംവിധാനങ്ങൾ ഞങ്ങൾ ഉപയോഗിക്കുന്നു. സ്പാമും മാൽവെയറും നിയമവിരുദ്ധമായ ഉള്ളടക്കവും പോലുള്ള ഉപദ്രവം തിരിച്ചറിയാൻ സഹായിക്കുന്നതിന് നിങ്ങളുടെ ഉള്ളടക്കം ഞങ്ങൾ വിശകലനം ചെയ്യുന്നു. ഡാറ്റയിലെ പാറ്റേണുകൾ തിരിച്ചറിയാൻ ഞങ്ങൾ അൽഗരിതങ്ങളും ഉപയോഗിക്കുന്നു. ഉദാഹരണത്തിന്, നിങ്ങൾ വിവർത്തനം ചെയ്യാൻ ആവശ്യപ്പെടുന്ന പദവാക്യങ്ങളിൽ നിന്ന് പൊതുവായ ഭാഷാ പാറ്റേണുകൾ തിരിച്ചറിയുക വഴി, ഭാഷകളിൽ ഉടനീളം ആളുകളെ ആശയവിനിമയം ചെയ്യാൻ Google വിവർത്തനം സഹായിക്കുന്നു.

മുകളിൽ വിവരിച്ചിട്ടുള്ള ഉദ്ദേശ്യങ്ങൾക്കായി, ഞങ്ങളുടെ സേവനങ്ങൾക്കിടയിലും നിങ്ങളുടെ ഉപകരണങ്ങളിൽ ഉടനീളവും ശേഖരിക്കുന്ന വിവരങ്ങൾ ഞങ്ങൾ സംയോജിപ്പിച്ചേക്കാം. ഉദാഹരണത്തിന്, YouTube-ൽ നിങ്ങൾ ഗിത്താർ വായിക്കുന്നവരുടെ വീഡിയോകൾ കാണുന്നുണ്ടെങ്കിൽ, ഞങ്ങളുടെ പരസ്യ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്ന ഒരു സൈറ്റ് സന്ദർശിക്കുമ്പോൾ ഗിത്താർ പരിശീലന ക്ലാസുകളുടെ ഒരു പരസ്യം നിങ്ങൾ കണ്ടേക്കാം. Google-ന്റെ സേവനങ്ങളും Google നൽകുന്ന പരസ്യങ്ങളും മെച്ചപ്പെടുത്താൻ നിങ്ങളുടെ അക്കൗണ്ട് ക്രമീകരണത്തെ അടിസ്ഥാനമാക്കി, മറ്റ് സൈറ്റുകളിലെയും ആപ്പുകളിലെയും നിങ്ങളുടെ ആക്റ്റിവിറ്റിയെ വ്യക്തിപര വിവരങ്ങളുമായി ബന്ധപ്പെടുത്തിയേക്കാം.

മറ്റ് ഉപയോക്താക്കളുടെ കൈവശം ഇതിനോടകം തന്നെ നിങ്ങളുടെ ഇമെയിലോ നിങ്ങളെ തിരിച്ചറിയുന്ന മറ്റ് വിവരങ്ങളോ ഉണ്ടെങ്കിൽ, നിങ്ങളുടെ പേരും ഫോട്ടോയും പോലുള്ള എല്ലാവർക്കും ദൃശ്യമായ Google അക്കൗണ്ട് വിവരങ്ങൾ അവർക്ക് ഞങ്ങൾ കാണിച്ചേക്കാം. ഉദാഹരണത്തിന്, നിങ്ങളിൽ നിന്നാണോ ഇമെയിൽ വരുന്നതെന്ന് തിരിച്ചറിയാൻ ആളുകളെ ഇത് സഹായിക്കും.

ഈ സ്വകാര്യതാ നയത്തിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ അല്ലാതെയുള്ള ഉദ്ദേശ്യങ്ങളുമായി ബന്ധപ്പെട്ട്, വിവരങ്ങൾ ഉപയോഗിക്കുന്നതിന് മുമ്പ് നിങ്ങളുടെ സമ്മതം ഞങ്ങൾ ആവശ്യപ്പെടും.

---

നിങ്ങളുടെ സ്വകാര്യതാ നിയന്ത്രണങ്ങൾ

# ഞങ്ങൾ ശേഖരിക്കുന്ന വിവരങ്ങളും അവ ഉപയോഗിക്കപ്പെടുന്ന രീതിയുമായി ബന്ധപ്പെട്ട് നിങ്ങൾക്ക് തിരഞ്ഞെടുപ്പുകളുണ്ട്.

ഞങ്ങളുടെ സേവനങ്ങളിൽ ഉടനീളം നിങ്ങളുടെ സ്വകാര്യത നിയന്ത്രിക്കുന്നതിനുള്ള പ്രധാന നിയന്ത്രണങ്ങളെയാണ് ഈ വിഭാഗം വിവരിക്കുന്നത്. പ്രധാന സ്വകാര്യതാ ക്രമീകരണം അവലോകനം ചെയ്യുന്നതിനും ക്രമപ്പെടുത്തുന്നതിനും അവസരം തരുന്ന സുരക്ഷാ പരിശോധനയും നിങ്ങൾക്ക് സന്ദർശിക്കാവുന്നതാണ്. ഈ ടൂളുകൾക്ക് പുറമെ, ഞങ്ങളുടെ ഉൽപ്പന്നങ്ങളിൽ നിർദ്ദിഷ്ട സ്വകാര്യതാ ക്രമീകരണവും ഞങ്ങൾ നൽകുന്നു — ഞങ്ങളുടെ ഉൽപ്പന്ന സ്വകാര്യതാ ഗൈഡിൽ നിങ്ങൾക്ക് കൂടുതലറിയാവുന്നതാണ്.

---

സ്വകാര്യതാ പരിശോധനയിലേക്ക് പോവുക

---

# നിങ്ങളുടെ വിവരങ്ങൾ നിയന്ത്രിക്കലും അവലോകനം ചെയ്യലും അപ്ഡേറ്റ് ചെയ്യലും

നിങ്ങൾ സൈൻ ഇൻ ചെയ്തിരിക്കുമ്പോൾ, നിങ്ങൾ ഉപയോഗിക്കുന്ന സേവനങ്ങൾ സന്ദർശിക്കുക വഴി, നിങ്ങൾക്ക് എല്ലായ്പ്പോഴും വിവരങ്ങൾ അവലോകനം ചെയ്യാവുന്നതും അപ്ഡേറ്റ് ചെയ്യാവുന്നതുമാണ്. ഉദാഹരണമായി, Google-ൽ നിങ്ങൾ സംരക്ഷിച്ചിട്ടുള്ള ഉള്ളടക്കത്തിന്റെ നിർദ്ദിഷ്ട തരങ്ങൾ നിയന്ത്രിക്കാൻ നിങ്ങളെ സഹായിക്കുന്നതിന് രൂപകൽപ്പന ചെയ്യപ്പെട്ടിട്ടുള്ളതാണ് ഫോട്ടോസും ഡ്രൈവും.

നിങ്ങളുടെ Google അക്കൗണ്ടിൽ സംരക്ഷിച്ചിട്ടുള്ള വിവരങ്ങൾ അവലോകനം ചെയ്യാനും നിയന്ത്രിക്കാനുമുള്ള ഒരിടവും ഞങ്ങൾ നിർമ്മിച്ചിട്ടുണ്ട്. നിങ്ങളുടെ Google അക്കൗണ്ടിൽ ഇനിപ്പറയുന്നവ ഉൾപ്പെടുന്നു:

## സ്വകാര്യതാ നിയന്ത്രണങ്ങൾ

### ആക്റ്റിവിറ്റി നിയന്ത്രണങ്ങൾ

നിങ്ങളുടെ അക്കൗണ്ടിലേക്ക് ഏതൊക്കെ തരത്തിലുള്ള ആക്റ്റിവിറ്റിയാണ് സംരക്ഷിക്കേണ്ടത് എന്ന് തിരഞ്ഞെടുക്കുക. ഉദാഹരണത്തിന്, നിങ്ങൾ YouTube ചരിത്രം ഓണാക്കിയിട്ടുണ്ടെങ്കിൽ നിങ്ങൾ കാണുന്ന വീഡിയോകളും നിങ്ങൾ തിരയുന്ന കാര്യങ്ങളും അക്കൗണ്ടിലേക്ക് സംരക്ഷിക്കുന്നു, അതുവഴി നിങ്ങൾക്ക് മികച്ച നിർദ്ദേശങ്ങൾ ലഭിക്കുകയും എവിടെയാണ് നിർത്തിയതെന്ന് ഓർമ്മിക്കാനുമാകും. നിങ്ങൾ വെബ്, ആപ്പ് ആക്റ്റിവിറ്റി ഓണാക്കിയിട്ടുണ്ടെങ്കിൽ നിങ്ങളുടെ തിരയലുകളും മറ്റ് Google സേവനങ്ങളിൽ നിന്നുള്ള ആക്റ്റിവിറ്റിയും നിങ്ങളുടെ അക്കൗണ്ടിൽ സംരക്ഷിക്കുന്നു, അതുവഴി വേഗത്തിലുള്ള തിരയലുകളും കൂടുതൽ സഹായകരമായ ആപ്പും ഉള്ളടക്ക നിർദ്ദേശങ്ങളും പോലുള്ള കൂടുതൽ വ്യക്തിപരമാക്കിയ അനുഭവങ്ങൾ നിങ്ങൾക്ക് ലഭിക്കും. നിങ്ങൾ Android-ൽ ഇൻസ്റ്റാൾ ചെയ്ത് ഉപയോഗിക്കുന്ന ആപ്പുകൾ പോലെ Google സേവനങ്ങൾ ഉപയോഗിക്കുന്ന മറ്റ് സൈറ്റുകൾ, ആപ്പുകൾ, ഉപകരണങ്ങൾ എന്നിവയിലെ നിങ്ങളുടെ ആക്റ്റിവിറ്റിയെക്കുറിച്ചുള്ള വിവരങ്ങൾ സംരക്ഷിക്കേണ്ടതുണ്ടോ എന്നത് നിയന്ത്രിക്കാൻ നിങ്ങളെ അനുവദിക്കുന്ന ഒരു ഉപക്രമീകരണവും വെബ്, ആപ്പ് ആക്റ്റിവിറ്റിക്ക് ഉണ്ട്.

ആക്റ്റിവിറ്റി നിയന്ത്രണങ്ങളിലേക്ക് പോവുക

---

### പരസ്യ ക്രമീകരണം

Google-ലും പരസ്യങ്ങൾ കാണിക്കാൻ Google-മായി സഹകരിക്കുന്ന സൈറ്റുകളിലും ആപ്പുകളിലും കാണിക്കുന്ന പരസ്യങ്ങളെ കുറിച്ചുള്ള നിങ്ങളുടെ മുൻഗണനകൾ നിയന്ത്രിക്കുക. നിങ്ങൾക്ക് താൽപ്പര്യങ്ങൾ പരിഷ്ക്കരിക്കുകയും പരസ്യങ്ങളെ കൂടുതൽ പ്രസക്തിയുള്ളതാക്കാൻ നിങ്ങളുടെ വ്യക്തിപര വിവരങ്ങൾ ഉപയോഗിക്കണോ എന്ന് തീരുമാനിക്കുകയും ചില പരസ്യ സേവനങ്ങൾ ഓണോ ഓഫോ ആക്കുകയും ചെയ്യാവുന്നതാണ്.

എന്റെ പരസ്യ കേന്ദ്രത്തിലേക്ക് പോകുക

---

### നിങ്ങളെക്കുറിച്ച്

നിങ്ങളുടെ Google അക്കൗണ്ടിൽ വ്യക്തിപരമായ വിവരങ്ങൾ മാനേജ് ചെയ്യുക, Google സേവനങ്ങളിൽ ഉടനീളം അവ ആർക്കൊക്കെ കാണാമെന്നത് നിയന്ത്രിക്കുക.

'നിങ്ങളെക്കുറിച്ച്' എന്നതിലേക്ക് പോവുക

---

### സുഹൃത്തുക്കളിൽ നിന്നുള്ള ശുപാർശകൾ

പരസ്യങ്ങളിൽ ദൃശ്യമാകുന്ന അവലോകനങ്ങളും ശുപാർശകളും പോലെ, നിങ്ങളുടെ ആക്റ്റിവിറ്റിക്ക് അടുത്തായി നിങ്ങളുടെ പേരും ഫോട്ടോയും ദൃശ്യമാകണോ എന്ന് തിരഞ്ഞെടുക്കുക.

സുഹൃത്തുക്കളിൽ നിന്നുള്ള ശുപാർശകളിലേക്ക് പോവുക

---

### Google സേവനങ്ങൾ ഉപയോഗിക്കുന്ന സൈറ്റുകളും ആപ്പുകളും

Google Analytics പോലുള്ള Google സേവനങ്ങൾ ഉപയോഗിക്കുന്ന വെബ്സൈറ്റുകളും ആപ്പുകളും നിങ്ങൾ അവരുടെ സേവനങ്ങൾ സന്ദർശിക്കുമ്പോഴോ അവയുമായി ഇടപഴകുമ്പോഴോ Google-മായി പങ്കിട്ടേക്കാവുന്ന വിവരങ്ങൾ മാനേജ് ചെയ്യുക.

**Google** സേവനങ്ങൾ ഉപയോഗിക്കുന്ന സൈറ്റുകളിൽ നിന്നോ ആപ്പുകളിൽ നിന്നോ ഉള്ള വിവരങ്ങൾ ഞങ്ങൾ ഉപയോഗിക്കുന്ന വിധം എന്നതിലേക്ക് പോകുക

---

## നിങ്ങളുടെ വിവരങ്ങൾ അവലോകനം ചെയ്യാനും അപ്ഡേറ്റ് ചെയ്യാനുമുള്ള വഴികൾ

### എന്റെ ആക്റ്റിവിറ്റി

നിങ്ങൾ നടത്തിയിട്ടുള്ള തിരയലുകളോ Google Play-യിലേക്ക് നിങ്ങൾ നടത്തിയിട്ടുള്ള സന്ദർശനങ്ങളോ പോലെ, നിങ്ങൾ Google അക്കൗണ്ടിലേക്ക് സൈൻ ഇൻ ചെയ്ത് Google സേവനങ്ങൾ ഉപയോഗിക്കുമ്പോൾ Google അക്കൗണ്ടിലേക്ക് സംരക്ഷിക്കുന്ന ഡാറ്റ അവലോകനം ചെയ്യാനും നിയന്ത്രിക്കാനും 'എന്റെ ആക്റ്റിവിറ്റി' നിങ്ങളെ അനുവദിക്കുന്നു. തീയതി പ്രകാരമോ വിഷയ പ്രകാരമോ നിങ്ങൾക്ക് ബ്രൗസ് ചെയ്യാവുന്നതാണ്, നിങ്ങളുടെ ആക്റ്റിവിറ്റി ഭാഗികമായോ പൂർണ്ണമായോ നിങ്ങൾക്ക് ഇല്ലാതാക്കുകയും ചെയ്യാം.

എന്റെ ആക്റ്റിവിറ്റിയിലേക്ക് പോവുക

---

### Google ഡാഷ്ബോർഡ്

നിർദ്ദിഷ്ട ഉൽപ്പന്നങ്ങളുമായി ബന്ധപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ നിയന്ത്രിക്കാൻ നിങ്ങളെ Google ഡാഷ്ബോർഡ് അനുവദിക്കുന്നു.

ഡാഷ്ബോർഡിലേക്ക് പോകുക

**നിങ്ങളുടെ വ്യക്തിപര വിവരം**

നിങ്ങളുടെ പേര്, ഇമെയിൽ, ഫോൺ നമ്പർ എന്നിവ പോലുള്ള നിങ്ങളുടെ കോൺടാക്റ്റ് വിവരങ്ങൾ നിയന്ത്രിക്കുക.

വ്യക്തിപര വിവരങ്ങളിലേക്ക് പോവുക

നിങ്ങൾ സൈൻ ഔട്ട് ചെയ്തിരിക്കുമ്പോൾ, ഇനിപ്പറയുന്നവ ഉൾപ്പെടെ, ബ്രൗസറോ ഉപകരണമോ ആയി ബന്ധപ്പെട്ട വിവരങ്ങൾ നിങ്ങൾക്ക് നിയന്ത്രിക്കാവുന്നതാണ്:

- തിരയൽ വ്യക്തിപരമാക്കലിൽ നിന്ന് സൈൻ ഔട്ട് ചെയ്തു: കൂടുതൽ പ്രസക്തമായ ഫലങ്ങളോ ശുപാർശകളോ നിങ്ങൾക്ക് നൽകാൻ നിങ്ങളുടെ തിരയൽ ആക്റ്റിവിറ്റി ഉപയോഗിക്കണോയെന്ന് തീരുമാനിക്കുക.
- YouTube ക്രമീകരണം നിങ്ങളുടെ YouTube തിരയൽ ചരിത്രവും YouTube കാണൽ ചരിത്രവും തൽക്കാലം നിർത്തുകയും ഇല്ലാതാക്കുകയും ചെയ്യുക.
- പരസ്യ ക്രമീകരണം Google-ലും പരസ്യങ്ങൾ കാണിക്കാൻ Google-മായി സഹകരിക്കുന്ന സൈറ്റുകളിലും ആപ്പുകളിലും കാണിക്കുന്ന പരസ്യങ്ങളെ കുറിച്ചുള്ള നിങ്ങളുടെ മുൻഗണനകൾ നിയന്ത്രിക്കുക.

# നിങ്ങളുടെ വിവരങ്ങൾ എക്സ്പോർട്ട് ചെയ്യലും നീക്കം ചെയ്യലും ഇല്ലാതാക്കലും

ബാക്കപ്പ് എടുക്കാനോ Google-ന് പുറത്തുള്ള ഒരു സേവനത്തിനൊപ്പം ഉപയോഗിക്കാനോ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങളുടെ Google അക്കൗണ്ടിലെ ഉള്ളടക്കത്തിന്റെ ഒരു പകർപ്പ് എക്സ്പോർട്ട് ചെയ്യാവുന്നതാണ്.

നിങ്ങളുടെ ഡാറ്റ എക്സ്പോർട്ട് ചെയ്യുക

നിങ്ങളുടെ വിവരങ്ങൾ ഇല്ലാതാക്കാൻ, ഇനിപ്പറയുന്നത് നിങ്ങൾക്ക് ചെയ്യാവുന്നതാണ്:

- നിർദ്ദിഷ്ട Google സേവനങ്ങളിൽ നിന്ന് നിങ്ങളുടെ ഉള്ളടക്കം ഇല്ലാതാക്കുക

- ഇനങ്ങൾക്കായി തിരയുക, തുടർന്ന് എന്റെ ആക്റ്റിവിറ്റി ഉപയോഗിച്ച് നിങ്ങളുടെ അക്കൗണ്ടിൽ നിന്ന് നിർദ്ദിഷ്ട ഇനങ്ങൾ ഇല്ലാതാക്കുക
- ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾപ്പെടെ, നിർദ്ദിഷ്ട Google ഉൽപ്പന്നങ്ങൾ ഇല്ലാതാക്കുക
- നിങ്ങളുടെ മുഴുവൻ Google അക്കൗണ്ടും ഇല്ലാതാക്കുക



നിങ്ങളുടെ വിവരങ്ങൾ ഇല്ലാതാക്കുക

അപ്രതീക്ഷിതമായി നിങ്ങൾക്ക് അക്കൗണ്ട് ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, Google അക്കൗണ്ട് ഭാഗികമായി ആക്‌സസ് ചെയ്യാൻ മറ്റാരെയെങ്കിലും അനുവദിക്കാൻ നിഷ്ക്രിയ അക്കൗണ്ട് മാനേജർ അനുവദിക്കുന്നു.

അവസാനമായി, ബാധകമായ നിയമവും ഞങ്ങളുടെ നയങ്ങളും അടിസ്ഥാനമാക്കി നിർദ്ദിഷ്ട Google സേവനങ്ങളിൽ നിന്ന് ഉള്ളടക്കം നീക്കം ചെയ്യാൻ അഭ്യർത്ഥിക്കാനും നിങ്ങൾക്ക് കഴിയും.

Google അക്കൗണ്ടിലേക്ക് നിങ്ങൾ സൈൻ ഇൻ ചെയ്‌താലും ഇല്ലെങ്കിലും, Google ശേഖരിക്കുന്ന വിവരങ്ങൾ നിയന്ത്രിക്കാൻ, ഇനിപ്പറയുന്നവ ഉൾപ്പെടെ, മറ്റ് മാർഗ്ഗങ്ങളുണ്ട്:

- ബ്രൗസർ ക്രമീകരണം: ഉദാഹരണത്തിന്, നിങ്ങളുടെ ബ്രൗസറിൽ Google ഒരു കുക്കി സജ്ജീകരിക്കുമ്പോൾ, അക്കാര്യം സൂചിപ്പിക്കുന്ന തരത്തിൽ നിങ്ങൾക്ക് ബ്രൗസർ കോൺഫിഗർ ചെയ്യാവുന്നതാണ്. ഒരു നിർദ്ദിഷ്ട ഡൊമെയ്‌നിൽ നിന്നോ എല്ലാ ഡൊമെയ്‌നുകളിൽ നിന്നോ ഉള്ള എല്ലാ കുക്കികളും ബ്ലോക്ക് ചെയ്യാനും നിങ്ങൾക്ക് ബ്രൗസർ കോൺഫിഗർ ചെയ്യാവുന്നതാണ്. എന്നാൽ, നിങ്ങളുടെ ഭാഷാ മുൻഗണനകൾ ഓർമ്മിക്കുന്നത് പോലെയുള്ള സംഗതികൾക്ക്, ഞങ്ങളുടെ സേവനങ്ങൾ ആശ്രയിക്കുന്നത് നന്നായി പ്രവർത്തിക്കുന്ന കുക്കികളെ ആണെന്ന കാര്യം ഓർമ്മിക്കുക.
- ഉപകരണ തല ക്രമീകരണം: നിങ്ങളുടെ ഉപകരണത്തിന്, ഞങ്ങൾ എന്തൊക്കെ വിവരങ്ങളാണ് ശേഖരിക്കുന്നതെന്ന് നിർണ്ണയിക്കുന്ന നിയന്ത്രണങ്ങൾ ഉണ്ടായേക്കാം. ഉദാഹരണത്തിന്, Android ഉപകരണത്തിൽ നിങ്ങൾക്ക് ലൊക്കേഷൻ ക്രമീകരണം പരിഷ്ക്കരിക്കാവുന്നതാണ്.

# നിങ്ങൾ വിവരങ്ങൾ പങ്കിടുമ്പോൾ

ഞങ്ങളുടെ മിക്ക സേവനങ്ങളും മറ്റുള്ളവരുമായി വിവരം പങ്കിടാൻ നിങ്ങളെ അനുവദിക്കുന്നു, കൂടാതെ നിങ്ങൾ എങ്ങനെ പങ്കിടുന്നു എന്നതിന്മേൽ നിങ്ങൾക്ക് നിയന്ത്രണവുമുണ്ട്. ഉദാഹരണത്തിന്, എല്ലാവർക്കും കാണാൻ കഴിയുന്ന തരത്തിൽ നിങ്ങൾക്ക് YouTube-ൽ വീഡിയോകൾ പങ്കിടാവുന്നതാണ് അല്ലെങ്കിൽ വീഡിയോകൾ സ്വകാര്യമായി നിലനിർത്താൻ നിങ്ങൾക്ക് തീരുമാനിക്കാവുന്നതാണ്. നിങ്ങൾ വിവരങ്ങൾ പൊതുവായി പങ്കിടുമ്പോൾ, Google തിരയൽ ഉൾപ്പെടെയുള്ള തിരയൽ എഞ്ചിനുകൾ വഴിയായി നിങ്ങളുടെ ഉള്ളടക്കം ആക്സസ് ചെയ്യാൻ കഴിയുന്നതായി മാറിയേക്കാമെന്ന് ഓർമ്മിക്കുക.

സൈൻ ഇൻ ചെയ്‌തിരിക്കുന്ന സമയത്ത് നിങ്ങൾ YouTube വീഡിയോയിൽ കമന്റ് ഇടുകയോ Play-യിലെ ഒരു ആപ്പ് അവലോകനം ചെയ്യുകയോ പോലുള്ള ചില Google സേവനങ്ങളുമായി ആശയവിനിമയം നടത്തുമ്പോൾ, ആക്റ്റിവിറ്റിയുടെ തൊട്ടടുത്തായി നിങ്ങളുടെ പേരും ഫോട്ടോയും ദൃശ്യമാകും. ഈ വിവരങ്ങൾ ഞങ്ങൾ നിങ്ങളുടെസുഹൃത്തുക്കളിൽ നിന്നുള്ള ശുപാർശകളുടെ ക്രമീകരണം അടിസ്ഥാനമാക്കി പരസ്യങ്ങളിലും പ്രദർശിപ്പിച്ചേക്കാം.

# Google നിങ്ങളുടെ വിവരങ്ങൾ പങ്കിടുമ്പോൾ

ഇനിപ്പറയുന്ന സാഹചര്യങ്ങളിൽ ഒഴികെ, ഞങ്ങൾ Google-ന് പുറത്തുള്ള കമ്പനികളുമായും സ്ഥാപനങ്ങളുമായും വ്യക്തികളുമായും നിങ്ങളുടെ വ്യക്തിപര വിവരങ്ങൾ പങ്കിടുകയില്ല:

## നിങ്ങളുടെ സമ്മതത്തോടെ

നിങ്ങളുടെ സമ്മതം ലഭ്യമാകുന്ന സാഹചര്യത്തിൽ, Google-ന് പുറത്തേക്ക് ഞങ്ങൾ വ്യക്തിപരമായ വിവരങ്ങൾ പങ്കിടും. ഉദാഹരണത്തിന്, ഒരു ബുക്കിംഗ് സേവനത്തിലൂടെ റിസർവേഷൻ നടത്താൻ Google Home ഉപയോഗിക്കുന്നു എങ്കിൽ, റെസ്റ്റോറന്റുമായി നിങ്ങളുടെ പേരോ ഫോൺ നമ്പറോ പങ്കിടുന്നതിന് മുമ്പ് ഞങ്ങൾ നിങ്ങളുടെ സമ്മതം നേടും. നിങ്ങളുടെ Google അക്കൗണ്ടിൽ നിങ്ങൾ ഡാറ്റയിലേക്ക് ആക്സസ് നൽകിയിട്ടുള്ള മൂന്നാം കക്ഷി ആപ്പുകളും സൈറ്റുകളും അവലോകനം ചെയ്യാനും മാനേജ് ചെയ്യാനും ഞങ്ങൾ നിങ്ങൾക്ക് നിയന്ത്രണങ്ങൾ നൽകുകയും ചെയ്യും. സൂക്ഷ്മമായി കൈകാര്യം ചെയ്യേണ്ട വ്യക്തിപരമായ എന്തെങ്കിലും വിവരങ്ങൾ പങ്കിടാൻ ഞങ്ങൾ നിങ്ങളുടെ വ്യക്തമായ സമ്മതം ചോദിക്കും.

## ഡൊമെയ്ൻ അഡ്‌മിനിസ്ട്രേറ്റർമാർക്കൊപ്പം

നിങ്ങളൊരു വിദ്യാർത്ഥി ആണെങ്കിലോ Google സേവനങ്ങൾ ഉപയോഗിക്കുന്ന ഒരു സ്ഥാപനത്തിനായി ജോലി ചെയ്യുന്നുവെങ്കിലോ, നിങ്ങളുടെ അക്കൗണ്ട് നിയന്ത്രിക്കുന്നഡൊമെയ്ൻ അഡ്‌മിനിസ്ട്രേറ്റർക്കുംറീസെല്ലർമാർക്കും നിങ്ങളുടെ Google അക്കൗണ്ടിലേക്ക് ആക്‌സസ് ഉണ്ടായിരിക്കും. അവർക്ക് ഇനിപ്പറയുന്ന കാര്യങ്ങൾ ചെയ്യാനായേക്കാം:

- നിങ്ങളുടെ ഇമെയിൽ പോലെ, നിങ്ങളുടെ അക്കൗണ്ടിൽ സംഭരിച്ചിട്ടുള്ള വിവരങ്ങൾ ആക്‌സസ് ചെയ്യാനും കൈവശം വയ്ക്കാനും
- നിങ്ങൾ എത്ര ആപ്പുകളാണ് ഇൻസ്റ്റാൾ ചെയ്യുന്നത് എന്ന വിവരം പോലെ, നിങ്ങളുടെ അക്കൗണ്ടിനെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ കാണാൻ
- നിങ്ങളുടെ അക്കൗണ്ട് പാസ്‌വേഡ് മാറ്റാൻ
- നിങ്ങളുടെ അക്കൗണ്ട് ആക്‌സസ് താൽക്കാലികമായി ഇല്ലാതാക്കാനോ അവസാനിപ്പിക്കാനോ
- ബാധകമായ നിയമമോ നിയന്ത്രണമോ നിയമപരമായ നടപടിക്രമമോ നടപ്പാക്കേണ്ട സർക്കാർ അഭ്യർത്ഥനയോ നിറവേറ്റുന്നതിന് നിങ്ങളുടെ അക്കൗണ്ട് വിവരങ്ങൾ സ്വീകരിക്കാൻ
- വിവരങ്ങളോ സ്വകാര്യതാ ക്രമീകരണമോ ഇല്ലാതാക്കാനോ എഡിറ്റ് ചെയ്യാനോ ഉള്ള നിങ്ങളുടെ കഴിവ് നിയന്ത്രിക്കാൻ

## ബാഹ്യമായി പ്രോസസ്സുചെയ്യുന്നതിനായി

ഞങ്ങളുടെ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കിയും ഞങ്ങളുടെ സ്വകാര്യതാ നയങ്ങൾക്കും മറ്റെല്ലാ രഹസ്യാത്മകതാ, സുരക്ഷാ മാനദണ്ഡങ്ങൾക്കും അനുസൃതമായും ഞങ്ങളുടെ അനുബന്ധ സ്ഥാപനങ്ങൾക്കും മറ്റ് വിശ്വസ്ത ബിസിനസുകൾക്കും വ്യക്തികൾക്കും ഞങ്ങൾ വ്യക്തിപരമായ വിവരങ്ങൾ ഞങ്ങൾക്ക് വേണ്ടി പ്രോസസ് ചെയ്യാൻ നൽകുന്നു. ഉദാഹരണത്തിന്, ഞങ്ങളുടെ ഡാറ്റ കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കാൻ സഹായിക്കാനും ഞങ്ങളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും ഡെലിവർ ചെയ്യാനും ഞങ്ങളുടെ ആന്തരിക ബിസിനസ് പ്രോസസുകൾ മെച്ചപ്പെടുത്താനും ഉപയോക്താക്കൾക്കും ഉപഭോക്താക്കൾക്കും അധിക പിന്തുണ നൽകാനും സേവന ദാതാക്കളെ ഞങ്ങൾ ഉപയോഗിക്കുന്നു. പൊതു സുരക്ഷയ്ക്ക് YouTube വീഡിയോ ഉള്ളടക്കം അവലോകനം ചെയ്യാനും Google-ന്റെ ഓഡിയോ തിരിച്ചറിയൽ സാങ്കേതികവിദ്യകൾ മെച്ചപ്പെടുത്താൻ സഹായിക്കുന്നതിന്, സംരക്ഷിച്ച

ഉപയോക്തൃ ഓഡിയുടെ സാമ്പിളുകൾ വിശകലനം ചെയ്യാനും കേൾക്കാനും ഞങ്ങൾ സേവന ദാതാക്കളെയും ഉപയോഗിക്കുന്നു.

## നിയമ കാരണങ്ങൾക്കായി

ഇനിപ്പറയുന്ന കാരണങ്ങളാൽ, വിവരങ്ങൾ ആക്സസ് ചെയ്യേണ്ടതോ ഉപയോഗിക്കേണ്ടതോ നിലനിർത്തേണ്ടതോ വെളിപ്പെടുത്തേണ്ടതോ ന്യായമായും ആവശ്യമാണെന്ന് ഞങ്ങൾക്ക് ഉത്തമ വിശ്വാസമുണ്ടെങ്കിൽ Google-ന് പുറത്തേക്ക് ഞങ്ങൾ വ്യക്തിപര വിവരങ്ങൾ പങ്കിടും:

- ബാധകമായ എല്ലാ നിയമങ്ങളും വ്യവസ്ഥകളും നിയമപരമായ നടപടിക്രമവും നിർബന്ധിതമായി നടപ്പിലാക്കേണ്ട സർക്കാർ അഭ്യർത്ഥനകളും പാലിക്കാൻ. ഞങ്ങളുടെ സുതാര്യതാ റിപ്പോർട്ടിൽ സർക്കാരുകളിൽ നിന്ന് ഞങ്ങൾക്ക് ലഭിക്കുന്ന അഭ്യർത്ഥനകളുടെ എണ്ണത്തെയും തരത്തെയും കുറിച്ചുള്ള വിവരങ്ങൾ ഞങ്ങൾ പങ്കിടുന്നു.
- സാധ്യതയുള്ള ലംഘനങ്ങളുടെ അന്വേഷണം ഉൾപ്പെടെ, ബാധകമായ സേവന നിബന്ധനകൾ നടപ്പാക്കാൻ.
- വഞ്ചനയോ സുരക്ഷാ പ്രശ്നങ്ങളോ സാങ്കേതിക പ്രശ്നങ്ങളോ കണ്ടെത്താനോ തടയാനോ അല്ലെങ്കിൽ മറ്റുതരത്തിൽ പരിഹരിക്കാനോ.
- നിയമം ആവശ്യപ്പെടുന്നത് പോലെയോ അനുവദിച്ചിട്ടുള്ളത് പോലെയോ, Google-ന്റെയോ ഞങ്ങളുടെ ഉപയോക്താക്കളുടെയോ പൊതുജനങ്ങളുടെയോ അവകാശങ്ങളെയോ സ്വത്തിനെയോ സുരക്ഷയെയോ നാശത്തിൽ നിന്നും പരിരക്ഷിക്കാൻ.

ഞങ്ങൾ വ്യക്തിപരമായി തിരിച്ചറിയാനാകാത്ത വിവരങ്ങൾ എല്ലാവരുമായും, ഒപ്പം പ്രസാധകരോ പരസ്യദാതാക്കളോ ഡെവലപ്പർമാരോ അവകാശ ഉടമകളോ പോലുള്ള ഞങ്ങളുടെ പങ്കാളികളുമായും പങ്കിട്ടേക്കാം. ഉദാഹരണത്തിന്, ഞങ്ങളുടെ സേവനങ്ങളുടെ പൊതുവായ ഉപയോഗങ്ങളെ കുറിച്ചുള്ള ട്രെൻഡുകൾ കാണിക്കാൻ വിവരങ്ങൾ പൊതുവായി പങ്കിടുന്നു. സ്വന്തം കുക്കികളും സമാന സാങ്കേതികവിദ്യകളും ഉപയോഗിച്ച്, പരസ്യം ചെയ്യൽ ഉദ്ദേശ്യങ്ങൾക്കായും അളവെടുക്കൽ ഉദ്ദേശ്യങ്ങൾക്കായും, നിങ്ങളുടെ ബ്രൗസറിൽ നിന്നോ ഉപകരണത്തിൽ നിന്നോ, വിവരങ്ങൾ ശേഖരിക്കുന്നതിന് നിർദ്ദിഷ്ട പങ്കാളികളെയും ഞങ്ങൾ അനുവദിക്കും.

ലയനത്തിലോ ഏറ്റെടുക്കലിലോ ആസ്തികളുടെ വിൽപ്പനയിലോ Google ഉൾപ്പെടുന്നുവെങ്കിൽ, വ്യക്തിപര വിവരങ്ങളുടെയെല്ലാം രഹസ്യാത്മകത ഞങ്ങൾ തുടർന്നും ഉറപ്പ് വരുത്തുന്നതായിരിക്കും, വ്യക്തിപര വിവരങ്ങൾ കൈമാറുന്നതിനോ മറ്റൊരു സ്വകാര്യതാ

നയത്തിന് വിധേയമായി മാറുന്നതിനോ മുമ്പായി ബാധകമായ ഉപയോക്താക്കൾക്ക് ഞങ്ങൾ അറിയിപ്പ് നൽകുന്നതാണ്.

---



# നിങ്ങളുടെ വിവരങ്ങൾ പരിരക്ഷിക്കാൻ സേവനങ്ങളിലേക്ക് ഞങ്ങൾ സുരക്ഷ ഉൾച്ചേർത്തിട്ടുണ്ട്

എല്ലാ Google ഉൽപ്പന്നങ്ങളിലും നിങ്ങളുടെ വിവരങ്ങൾ തുടർച്ചയായി പരിരക്ഷിക്കുന്ന ശക്തമായ സുരക്ഷാ ഫീച്ചറുകൾ ഉൾച്ചേർത്തിട്ടുണ്ട്. സുരക്ഷാ ഭീഷണികൾ നിങ്ങൾക്കരികിൽ എത്തുന്നതിന് മുമ്പ് തന്നെ തിരിച്ചറിഞ്ഞ് സ്വമേധയാ ബ്ലോക്ക് ചെയ്യുന്നതിന്, സേവനങ്ങൾ പരിപാലിക്കുന്നതിൽ നിന്ന് ലഭിക്കുന്ന ഉൾക്കാഴ്ചകൾ ഞങ്ങളെ സഹായിക്കുന്നു. ഞങ്ങൾ കണ്ടെത്തുന്ന എന്തെങ്കിലും അപകടസാധ്യതകൾ നിങ്ങൾ അറിഞ്ഞിരിക്കണമെന്ന് ഞങ്ങൾക്ക് തോന്നുന്നുവെങ്കിൽ, നിങ്ങളെ അക്കാര്യം അറിയിക്കും, കൂടുതൽ മികച്ച പരിരക്ഷ ലഭിക്കാനുള്ള ഘട്ടങ്ങളിലൂടെ നിങ്ങളെ നയിക്കുകയും ചെയ്യും.

ഇനിപ്പറയുന്ന ഉൾപ്പെടെ, ഞങ്ങളുടെ പക്കലുള്ള വിവരങ്ങൾ അനധികൃതമായി ആക്‌സസ് ചെയ്യുന്നതിൽ നിന്നും, അനധികൃതമായി തിരുത്തുന്നതോ വെളിപ്പെടുത്തുന്നതോ നശിപ്പിക്കുന്നതോ പോലുള്ള കാര്യങ്ങളിൽ നിന്നും നിങ്ങളെയും Google-നെയും പരിരക്ഷിക്കാൻ ഞങ്ങൾ കഠിനമായി പരിശ്രമിക്കുന്നു:

- ട്രാൻസിറ്റിലായിരിക്കെ നിങ്ങളുടെ ഡാറ്റ സ്വകാര്യമായി നിലനിർത്താൻ ഞങ്ങൾ എൻക്രിപ്ഷൻ ഉപയോഗിക്കുന്നു
- നിങ്ങളുടെ അക്കൗണ്ട് പരിരക്ഷിക്കാൻ സഹായിക്കുന്നതിന് സുരക്ഷിത ബ്രൗസിംഗ്, സുരക്ഷാ പരിശോധന, 2 ഘട്ട പരിശോധിച്ചുറപ്പിക്കൽ എന്നിങ്ങനെ സുരക്ഷാ ഫീച്ചറുകളുടെ ഒരു ശ്രേണി തന്നെ ഞങ്ങൾ നൽകുന്നുണ്ട്.
- സിസ്റ്റങ്ങളിലേക്കുള്ള അനധികൃത ആക്‌സസ് തടയാൻ, ഭൗതിക സുരക്ഷാ മാനദണ്ഡങ്ങൾ ഉൾപ്പെടെ, ഞങ്ങളുടെ വിവര ശേഖരവും സ്റ്റോറേജും പ്രോസസ്സിംഗ് കീഴ്‌വഴക്കങ്ങളും ഞങ്ങൾ അവലോകനം ചെയ്യുന്നു.
- വ്യക്തിപര വിവരങ്ങൾ പ്രോസസ് ചെയ്യേണ്ടത് ആവശ്യമായ Google ജീവനക്കാർക്കും കോൺട്രാക്റ്റർമാർക്കും ഏജന്റുമാർക്കും മാത്രമായി വ്യക്തിപര വിവരങ്ങളിലേക്കുള്ള ആക്‌സസ് ഞങ്ങൾ പരിമിതപ്പെടുത്തിയിരിക്കുന്നു. ഈ ആക്‌സസുള്ള എല്ലാവരും കർശനമായ കരാർ സംബന്ധിയായ രഹസ്യാത്മക ചുമതലയ്ക്ക് വിധേയരാണ്, ഈ

ചുമതലകൾ പാലിക്കുന്നതിൽ പരാജയപ്പെടുന്നവർ അച്ചടക്കനടപടിക്കോ പുറത്താക്കലിനോ വിധേയമാക്കപ്പെട്ടാം.

---

നിങ്ങളുടെ വിവരങ്ങൾ എക്സ്പോർട്ട് ചെയ്യലും ഇല്ലാതാക്കലും

## നിങ്ങൾക്ക് ഏതുസമയത്തും Google അക്കൗണ്ടിലൂടെ നിങ്ങളുടെ വിവരങ്ങളുടെ ഒരു പകർപ്പ് എക്സ്പോർട്ട് ചെയ്യുകയോ അക്കൗണ്ട് ഇല്ലാതാക്കുകയോ ചെയ്യാവുന്നതാണ്

ബാക്കപ്പ് എടുക്കാനോ Google-ന് പുറത്തുള്ള ഒരു സേവനത്തിനൊപ്പം ഉപയോഗിക്കാനോ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങളുടെ Google അക്കൗണ്ടിലെ ഉള്ളടക്കത്തിന്റെ ഒരു പകർപ്പ് എക്സ്പോർട്ട് ചെയ്യാവുന്നതാണ്.

നിങ്ങളുടെ ഡാറ്റ എക്സ്പോർട്ട് ചെയ്യുക

നിങ്ങളുടെ വിവരങ്ങൾ ഇല്ലാതാക്കാൻ, ഇനിപ്പറയുന്നത് നിങ്ങൾക്ക് ചെയ്യാവുന്നതാണ്:

- നിർദ്ദിഷ്ട Google സേവനങ്ങളിൽ നിന്ന് നിങ്ങളുടെ ഉള്ളടക്കം ഇല്ലാതാക്കുക
- ഇനങ്ങൾക്കായി തിരയുക, തുടർന്ന് എന്റെ ആക്റ്റിവിറ്റി ഉപയോഗിച്ച് നിങ്ങളുടെ അക്കൗണ്ടിൽ നിന്ന് നിർദ്ദിഷ്ട ഇനങ്ങൾ ഇല്ലാതാക്കുക
- ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾപ്പെടെ, നിർദ്ദിഷ്ട Google ഉൽപ്പന്നങ്ങൾ ഇല്ലാതാക്കുക
- നിങ്ങളുടെ മുഴുവൻ Google അക്കൗണ്ടും ഇല്ലാതാക്കുക

നിങ്ങളുടെ വിവരങ്ങൾ ഇല്ലാതാക്കുക

---

നിങ്ങളുടെ വിവരങ്ങൾ നിലനിർത്തുന്നു

ഞങ്ങൾ ശേഖരിക്കുന്ന ഡാറ്റ, അത് എന്താണെന്നും ഞങ്ങൾ അത് എങ്ങനെ ഉപയോഗിക്കുന്നുവെന്നും നിങ്ങൾ നിങ്ങളുടെ ക്രമീകരണം എങ്ങനെ കോൺഫിഗർ ചെയ്യുന്നു എന്നതും അടിസ്ഥാനമാക്കി വ്യത്യസ്ത കാലയളവുകളിലേക്ക് ഞങ്ങൾ നിലനിർത്തുന്നു:

- വ്യക്തിപരമായ വിവരങ്ങൾ അല്ലെങ്കിൽ ഫോട്ടോകളും ഡോക്യുമെന്റുകളും പോലുള്ള നിങ്ങൾ സൃഷ്ടിക്കുന്നതോ അപ്‌ലോഡ് ചെയ്യുന്നതോ ആയ ഉള്ളടക്കം പോലുള്ള ചില ഡാറ്റ നിങ്ങൾക്ക് ഇഷ്ടമുള്ളപ്പോൾ ഇല്ലാതാക്കാനാകും. കൂടാതെ നിങ്ങളുടെ അക്കൗണ്ടിൽ സംരക്ഷിച്ചിരിക്കുന്ന ആക്റ്റിവിറ്റി വിവരങ്ങൾ ഇല്ലാതാക്കാനോ സജ്ജീകരിച്ച ഒരു നിശ്ചിത കാലയളവിന് ശേഷം അവ സ്വയമേവ ഇല്ലാതാക്കാൻ തിരഞ്ഞെടുക്കാനോ കഴിയും. നിങ്ങൾ ഈ ഡാറ്റ നീക്കം ചെയ്യുന്നത് വരെ അല്ലെങ്കിൽ നീക്കം ചെയ്യാൻ തീരുമാനിക്കുന്നത് വരെ ഞങ്ങൾ നിങ്ങളുടെ Google അക്കൗണ്ടിൽ ഇത് നിലനിർത്തും.

- സജ്ജീകരിച്ച ഒരു നിശ്ചിത കാലയളവിന് ശേഷം, സെർവർ ലോഗുകളിലെ പരസ്യ ഡാറ്റ പോലുള്ള മറ്റ് ഡാറ്റകൾ ഇല്ലാതാക്കുകയോ സ്വയമേവ അത് നീക്കം ചെയ്യുകയോ ചെയ്യും.

- നിങ്ങൾ ഞങ്ങളുടെ സേവനങ്ങൾ എത്ര ഇടവിട്ട് ഉപയോഗിക്കുന്നു എന്നതിനെ കുറിച്ചുള്ള വിവരങ്ങൾ പോലുള്ള ചില ഡാറ്റ നിങ്ങൾ നിങ്ങളുടെ Google അക്കൗണ്ട് ഇല്ലാതാക്കുന്നത് വരെ ഞങ്ങൾ സൂക്ഷിക്കുന്നു.

- കൂടാതെ, സുരക്ഷ, വഞ്ചനയും ദുരുപയോഗവും തടയൽ അല്ലെങ്കിൽ സാമ്പത്തിക രേഖകൾ സൂക്ഷിക്കൽ എന്നിവ പോലുള്ള നിയമപരമായ ബിസിനസിനോ നിയമപരമായ ഉദ്ദേശ്യങ്ങൾക്കോ ആവശ്യമായിരിക്കുമ്പോൾ ഞങ്ങൾ ചില ഡാറ്റ ദീർഘമായ കാലയളവിലേക്ക് നിലനിർത്തുന്നു.

നിങ്ങൾ ഡാറ്റ ഇല്ലാതാക്കുമ്പോൾ, ഞങ്ങളുടെ സെർവറുകളിൽ നിന്ന് നിങ്ങളുടെ ഡാറ്റ സുരക്ഷിതമായും പൂർണ്ണമായും നീക്കം ചെയ്യപ്പെടുന്നുണ്ടെന്നോ വ്യക്തിപരമായ ഡാറ്റ എടുത്തുനീക്കിയ രൂപത്തിൽ മാത്രമാണ് അത് നിലനിർത്തിയിരിക്കുന്നതെന്നോ ഉറപ്പാക്കാൻ ഞങ്ങൾ ഒരു ഇല്ലാതാക്കൽ പ്രോസസ് പാലിക്കുന്നു. ഞങ്ങളുടെ സേവനങ്ങൾ, അവിചാരിതമോ ക്ഷുദ്രകരമോ ആയ ഇല്ലാതാക്കലിൽ നിന്ന് വിവരങ്ങളെ സംരക്ഷിക്കുന്നുവെന്ന് ഉറപ്പാക്കാൻ ഞങ്ങൾ ശ്രമിക്കുന്നു. ഇക്കാരണത്താൽ, നിങ്ങൾ എന്തെങ്കിലും ഇല്ലാതാക്കുന്നതിനും ഞങ്ങളുടെ സജീവ, ബാക്കപ്പ് സിസ്റ്റങ്ങളിൽ നിന്ന് പകർപ്പുകൾ ഇല്ലാതാക്കുന്നതിനും ഇടയിൽ കാലതാമസം നേരിട്ടേക്കാം.

നിങ്ങളുടെ വിവരങ്ങൾ ഇല്ലാതാക്കാൻ ഞങ്ങൾ എത്ര കാലമെടുക്കും എന്നത് ഉൾപ്പെടെ Google-ന്റെ ഡാറ്റ നിലനിർത്തൽ കാലയളവുകളെക്കുറിച്ച് നിങ്ങൾക്ക് കൂടുതൽ വായിക്കാനാവും.

---

## നിയന്ത്രണാധികാരികളുമായുള്ള അനുവർത്തനവും സഹകരണവും

ഞങ്ങൾ ഈ സ്വകാര്യതാ നയം പതിവായി അവലോകനം ചെയ്യുകയും ആ നയം അനുസരിക്കുന്ന മാർഗ്ഗങ്ങളിലാണ് നിങ്ങളുടെ വിവരങ്ങളെ ഞങ്ങൾ പ്രോസസ് ചെയ്യുന്നതെന്ന് ഉറപ്പാക്കുകയും ചെയ്യും.

## ഡാറ്റ കൈമാറ്റങ്ങൾ

ഞങ്ങൾലോകമെമ്പാടും സെർവറുകൾപരിപാലിച്ച് വരുന്നു, നിങ്ങൾ താമസിക്കുന്ന രാജ്യത്തിന് പുറത്ത് സ്ഥിതി ചെയ്യുന്ന സെർവറുകളിൽ നിങ്ങളുടെ വിവരങ്ങൾ പ്രോസസ് ചെയ്യപ്പെട്ടേക്കാം. പല രാജ്യങ്ങളിലും പല തരത്തിലുള്ള ഡാറ്റാ പരിരക്ഷാ നിയമങ്ങൾ ആണുള്ളത്, ചില രാജ്യങ്ങൾ മറ്റുള്ളവയേക്കാൾ അധിക പരിരക്ഷ നൽകുന്നു. നിങ്ങളുടെ വിവരങ്ങൾ എവിടെയാണ് പ്രോസസ് ചെയ്യപ്പെടുന്നത് എന്ന് പരിഗണിക്കാതെ, ഈ നയത്തിൽ വിവരിച്ചിട്ടുള്ള അതേ പരിരക്ഷകൾ ഞങ്ങൾ പ്രയോഗിക്കുന്നതാണ്. ഡാറ്റയുടെ കൈമാറ്റവുമായി ബന്ധപ്പെട്ട്, ചിലനിയമപരമായ ചട്ടക്കൂടുകളും ഞങ്ങൾ പാലിക്കും.

ഞങ്ങൾക്ക് ഔദ്യോഗികവും രേഖാമൂലമായതുമായ പരാതികൾ ലഭിക്കുമ്പോൾ, പരാതി നൽകിയ വ്യക്തിയെ ബന്ധപ്പെട്ടുകൊണ്ട് ഞങ്ങൾ പ്രതികരിക്കും. നിങ്ങളുമായി ഞങ്ങൾക്ക് നേരിട്ട് പരിഹരിക്കാനാകാത്ത, നിങ്ങളുടെ ഡാറ്റ കൈമാറ്റം സംബന്ധിച്ച പരാതികളെല്ലാം പരിഹരിക്കുന്നതിന്, ഞങ്ങൾ പ്രാദേശിക ഡാറ്റ പരിരക്ഷാ അധികാരികൾ ഉൾപ്പെടെ, ഉചിതമായ കാര്യനിർവ്വഹണ അധികാരികളുമായി ചേർന്ന് പ്രവർത്തിക്കുന്നു.

## യൂറോപ്യൻ ആവശ്യകതകൾ

### എങ്ങനെ നിങ്ങളുടെ അവകാശങ്ങൾ വിനിയോഗിക്കാനും Google-നെ ബന്ധപ്പെടാനും കഴിയും

നിങ്ങളുടെ വിവരങ്ങളുടെ പ്രോസസ് ചെയ്യലിന് യൂറോപ്യൻ യൂണിയൻ (EU) അല്ലെങ്കിൽ യുണൈറ്റഡ് കിംഗ്ഡം (UK) ഡാറ്റാ പരിരക്ഷാ നിയമങ്ങൾ ബാധകമാണെങ്കിൽ, ഈ നയത്തിൽ വിവരിച്ചിട്ടുള്ള നിയന്ത്രണങ്ങൾ ഞങ്ങൾ നൽകുന്നുണ്ട്, അതുവഴി നിങ്ങളുടെ വിവരങ്ങൾ ആക്സ് ചെയ്യാനോ അപ്ഡേറ്റ് ചെയ്യാനോ നീക്കം ചെയ്യാനോ വിവരങ്ങളുടെ പ്രോസസിംഗ് പരിമിതപ്പെടുത്താനോ ഉള്ള അവകാശം നിങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്. നിങ്ങളുടെ വിവരങ്ങളുടെ പ്രോസസ് ചെയ്യൽ തടയാനോ മറ്റൊരു സേവനത്തിലേക്ക് നിങ്ങളുടെ വിവരങ്ങൾ എക്സ്പോർട്ട് ചെയ്യാനോ ഉള്ള അവകാശവും നിങ്ങൾക്കുണ്ട്.

നിങ്ങളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട് കൂടുതൽ ചോദ്യങ്ങളോ അഭ്യർത്ഥനകളോ ഉണ്ടെങ്കിൽ നിങ്ങൾക്ക് Google-നെയും ഞങ്ങളുടെ ഡാറ്റ പരിരക്ഷാ ഓഫീസിനെയും

ബന്ധപ്പെടാം. പ്രാദേശിക നിയമങ്ങൾക്ക് കീഴിലുള്ള നിങ്ങളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട് ആശങ്കകൾ ഉണ്ടെങ്കിൽ, നിങ്ങൾക്ക് പ്രാദേശിക ഡാറ്റാ പരിരക്ഷാ അതോറിറ്റിയെ ബന്ധപ്പെടാം.

## ഡാറ്റാ കൺട്രോളർ

സേവനവുമായി ബന്ധപ്പെട്ട നിർദ്ദിഷ്ട സ്വകാര്യതാ അറിയിപ്പിൽ മറ്റ് തരത്തിൽ വ്യക്തമാക്കിയിട്ടില്ലെങ്കിൽ, നിങ്ങൾ താമസിക്കുന്നത് എവിടെയാണെന്നത് അടിസ്ഥാനമാക്കി നിങ്ങളുടെ വിവരങ്ങൾ പ്രോസസ് ചെയ്യാൻ ഉത്തരവാദിത്തപ്പെട്ട ഡാറ്റ കൺട്രോളർ ഇവ ആയിരിക്കും:

- യൂറോപ്യൻ സാമ്പത്തിക മേഖലയിലോ സ്വിറ്റ്സർലൻഡിലോ താമസിക്കുന്ന, Google സേവനങ്ങളുടെ ഉപയോക്താക്കൾക്ക് Gordon House, Barrow Street, Dublin 4, Ireland എന്ന വിലാസത്തിൽ സ്ഥിതി ചെയ്യുന്ന Google Ireland.
- യുണൈറ്റഡ് കിംഗ്ഡത്തിൽ താമസിക്കുന്ന, Google സേവനങ്ങളുടെ ഉപയോക്താക്കൾക്ക് Google LLC 1600 Amphitheatre Parkway, Mountain View, California 94043, USA എന്ന വിലാസത്തിൽ സ്ഥിതി ചെയ്യുന്ന Google LLC.

നിങ്ങളുടെ ലൊക്കേഷൻ ഏതാണെങ്കിലും Google Search, Google Maps എന്നിവ പോലുള്ള സേവനങ്ങളിൽ സൂചികയിലാക്കി പ്രദർശിപ്പിക്കുന്ന വിവരങ്ങൾ പ്രോസസ് ചെയ്യാൻ ഉത്തരവാദിത്തപ്പെട്ട ഡാറ്റ കൺട്രോളർ Google LLC ആണ്.

## പ്രോസസ് ചെയ്യാനുള്ള നിയമപരമായ അടിസ്ഥാനം

ഇനിപ്പറയുന്ന നിയമപരമായ കാരണങ്ങളെ അടിസ്ഥാനമാക്കി, ഈ നയത്തിൽ വിവരിച്ചിരിക്കുന്ന ഉദ്ദേശ്യങ്ങൾക്കായി നിങ്ങളുടെ വിവരങ്ങൾ ഞങ്ങൾ പ്രോസസ് ചെയ്യുന്നു:

### നിങ്ങളുടെ സമ്മതത്തോടെ

നിർദ്ദിഷ്ട ഉദ്ദേശ്യങ്ങൾക്കായി നിങ്ങളുടെ വിവരങ്ങൾ പ്രോസസ് ചെയ്യാൻ ഞങ്ങൾ നിങ്ങളുടെ സമ്മതം ചോദിക്കും, ഏത് സമയത്തും സമ്മതം പിൻവലിക്കാൻ നിങ്ങൾക്ക് അവകാശമുണ്ട്. ഉദാഹരണത്തിന്, നിങ്ങളുടെ താൽപ്പര്യങ്ങൾ അടിസ്ഥാനമാക്കിയുള്ള പരസ്യങ്ങൾ പോലുള്ള വ്യക്തിപരമാക്കിയ സേവനങ്ങൾ നിങ്ങൾക്ക് ലഭ്യമാക്കാൻ ഞങ്ങൾ നിങ്ങളുടെ സമ്മതം ചോദിക്കും. സംഭാഷണം തിരിച്ചറിയലിനായി നിങ്ങളുടെ വോയ്സ്, ഓഡിയോ ആക്റ്റിവിറ്റി റെക്കോർഡ് ചെയ്യാനും ഞങ്ങൾ നിങ്ങളുടെ സമ്മതം ചോദിക്കും. നിങ്ങളുടെ Google അക്കൗണ്ടിൽ നിങ്ങൾക്ക് ഈ ക്രമീകരണങ്ങൾ മാനേജ് ചെയ്യാം. നിങ്ങളുടെ വിവരങ്ങൾ

പങ്കിടൽ വിഭാഗത്തിൽ വിവരിച്ചിരിക്കുന്നത് പോലെ നിങ്ങൾ ഞങ്ങൾക്ക് സമ്മതം നൽകിയിരിക്കുമ്പോൾ വ്യക്തിപരമായ വിവരങ്ങൾ ഞങ്ങൾ Google-ന് പുറത്ത് പങ്കിടും, നിങ്ങളുടെ Google അക്കൗണ്ടിൽ നിങ്ങൾ ഡാറ്റയിലേക്ക് ആക്‌സസ് നൽകിയിട്ടുള്ള മൂന്നാം കക്ഷി ആപ്പുകളും സൈറ്റുകളും അവലോകനം ചെയ്യാനും മാനേജ് ചെയ്യാനും ഞങ്ങൾ നിങ്ങൾക്ക് നിയന്ത്രണങ്ങൾ നൽകുകയും ചെയ്യും.

ഞങ്ങൾ നിയമപരമായ താൽപ്പര്യങ്ങൾ പിന്തുടരുമ്പോൾ

ഞങ്ങളുടെയും മൂന്നാം കക്ഷികളുടെയും നിയമപരമായ താൽപ്പര്യങ്ങൾക്ക് നിങ്ങളുടെ വിവരങ്ങൾ ഞങ്ങൾ പ്രോസസ് ചെയ്യുന്നു, നിങ്ങളുടെ സ്വകാര്യതയെ പരിരക്ഷിക്കുന്ന ഉചിതമായ സുരക്ഷാ മുൻകരുതലുകൾ പ്രയോഗിച്ചാണ് ഞങ്ങളത് ചെയ്യുക. ഇതിനർത്ഥം, ഇനിപ്പറയുന്നത് പോലെയുള്ള സംഗതികൾക്കായി നിങ്ങളുടെ വിവരങ്ങൾ ഞങ്ങൾ പ്രോസസ് ചെയ്യുന്നുവെന്നാണ്:

- ഞങ്ങളുടെ ഉപയോക്താക്കളുടെ ആവശ്യകതകൾ നിറവേറ്റാൻ ഞങ്ങളുടെ സേവനങ്ങൾ നൽകലും പരിപാലിക്കലും മെച്ചപ്പെടുത്തലും
- ഞങ്ങളുടെ ഉപയോക്താക്കൾക്ക് ഉപയോഗപ്രദമായ പുതിയ ഉൽപ്പന്നങ്ങളും ഫീച്ചറുകളും വികസിപ്പിക്കൽ
- ഞങ്ങളുടെ സേവനങ്ങളുടെ പ്രകടനം ഉറപ്പാക്കാനും മെച്ചപ്പെടുത്താനും ഞങ്ങളുടെ സേവനങ്ങൾ ഉപയോക്താക്കൾ എങ്ങനെയാണ് ഉപയോഗിക്കുന്നതെന്ന് മനസ്സിലാക്കൽ
- നിങ്ങൾക്ക് കൂടുതൽ മികച്ച ഉപയോക്തൃ അനുഭവം നൽകാൻ ഞങ്ങളുടെ സേവനങ്ങൾ ഇഷ്ടാനുസൃതമാക്കുന്നു (ഒപ്പം, പ്രസക്തമാണെങ്കിൽ, അനുഭവം നിശ്ചിത പ്രായത്തിലുള്ളവർക്ക് യോജിച്ചതാക്കുന്നു)
- ഞങ്ങളുടെ സേവനങ്ങളെ കുറിച്ച് ഉപയോക്താക്കളെ അറിയിക്കാനുള്ള മാർക്കറ്റിംഗ്
- പരസ്യം ചെയ്യൽ ഞങ്ങളുടെ പല സേവനങ്ങളും ഫീസില്ലാതെ നൽകാൻ ഞങ്ങളെ അനുവദിക്കുന്നു (ഒപ്പം, പരസ്യങ്ങൾ വ്യക്തിപരമാക്കുമ്പോൾ ഞങ്ങൾ നിങ്ങളുടെ അനുമതി ചോദിക്കുന്നു)
- ഞങ്ങളുടെ സേവനങ്ങളിൽ വഞ്ചനയോ സുരക്ഷാ പ്രശ്നങ്ങളോ സാങ്കേതിക പ്രശ്നങ്ങളോ കണ്ടെത്തൽ, തടയൽ അല്ലെങ്കിൽ മറ്റുതരത്തിൽ പരിഹരിക്കൽ
- സർക്കാർ അധികൃതർക്ക് വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉൾപ്പെടെ, നിയമം ആവശ്യപ്പെടുന്നത് പോലെയോ അനുവദിച്ചിട്ടുള്ളത് പോലെയോ, Google-ന്റെയോ ഞങ്ങളുടെ ഉപയോക്താക്കളുടെയോ പൊതുജനങ്ങളുടെയോ അവകാശങ്ങൾ, സ്വത്ത് അല്ലെങ്കിൽ സുരക്ഷയെ നാശത്തിൽ നിന്നും പരിരക്ഷിക്കൽ.

- ഉപയോക്താക്കൾക്കുള്ള ഞങ്ങളുടെ സേവനങ്ങളും പൊതുജനങ്ങൾക്കുള്ള പ്രയോജനങ്ങളും മെച്ചപ്പെടുത്തുന്ന ഗവേഷണങ്ങൾ നടത്തൽ

- ഡെവലപ്പർമാരും അവകാശ ഉടമകളും പോലുള്ള ഞങ്ങളുടെ പങ്കാളികളോടുള്ള ബാധ്യതകൾ നിറവേറ്റൽ

- ബാധകമായ സേവന നിബന്ധനകളുടെ സംഭവ്യമായ ലംഘനങ്ങളുടെ അന്വേഷണം ഉൾപ്പെടെ, നിയമപരമായ അവകാശവാദങ്ങൾ നടപ്പിലാക്കൽ

ഞങ്ങളൊരു സേവനം നൽകുമ്പോൾ

ഒരു കരാറിന് കീഴിൽ നിങ്ങൾ ആവശ്യപ്പെടുന്ന ഒരു സേവനം നൽകാൻ ചില ഡാറ്റ ഞങ്ങൾ പ്രോസസ് ചെയ്യുന്നു. ഉദാഹരണത്തിന്, Google ഡ്രൈവിനായി നിങ്ങൾ അധിക സ്റ്റോറേജ് വാങ്ങുമ്പോൾ നിങ്ങളുടെ പേയ്മെന്റ് വിവരങ്ങൾ ഞങ്ങൾക്ക് പ്രോസസ് ചെയ്യേണ്ടതുണ്ട്.

ഞങ്ങൾ നിയമപരമായ ബാധ്യതകൾ അനുവർത്തിക്കുമ്പോൾ

നിയമപരമായി നിങ്ങളുടെ വിവരങ്ങൾ പ്രോസസ് ചെയ്യാൻ ഞങ്ങൾക്ക് ബാധ്യതയുള്ളപ്പോൾ ഞങ്ങൾ അങ്ങനെ ചെയ്യും; ഉദാഹരണത്തിന്, നിയമ നടപടിയോടോ നിർബന്ധിത സർക്കാർ അഭ്യർത്ഥനയോടോ ഞങ്ങൾ പ്രതികരിക്കുന്നുവെങ്കിൽ, നിങ്ങളുടെ വിവരങ്ങൾ ഞങ്ങൾ പ്രോസസ് ചെയ്യും. മറ്റൊരു ഉദാഹരണം എന്ന നിലയിൽ, നികുതി അല്ലെങ്കിൽ അക്കൗണ്ടിംഗ് ആവശ്യകതകൾക്ക് വേണ്ടി, നിങ്ങൾ Google-ലേക്ക് നടത്തിയ പേയ്മെന്റുമായി ബന്ധപ്പെട്ട വിവരങ്ങൾ പോലെ, സാമ്പത്തിക രേഖകൾ നിലനിർത്തേണ്ടത് പോലുള്ള ആവശ്യങ്ങൾക്കായി ചില സാഹചര്യങ്ങളിൽ ചില വിവരങ്ങൾ നിലനിർത്താൻ ഞങ്ങൾക്ക് നിയമപരമായ ബാദ്ധ്യതയുണ്ടാകും.

---

ഈ നയത്തെ കുറിച്ച്

# ഈ നയം ബാധകമാകുമ്പോൾ

YouTube, Android എന്നിവയും പരസ്യം നൽകൽ സേവനങ്ങൾ പോലെയുള്ള മൂന്നാം കക്ഷി സൈറ്റുകളിൽ നൽകപ്പെടുന്ന സേവനങ്ങളും പോലെ, Google LLC-യും അതിന്റെ അഫിലിയേറ്റുകളും നൽകുന്ന എല്ലാ സേവനങ്ങൾക്കും ഈ സ്വകാര്യത നയം ബാധകമാണ്. ഈ സ്വകാര്യതാ നയത്തിൽ ഉൾപ്പെടുത്താത്ത പ്രത്യേക സ്വകാര്യതാ നയമുള്ള സേവനങ്ങൾക്ക് ഈ സ്വകാര്യതാ നയം ബാധകമല്ല.

ഇനിപ്പറയുന്നവയ്ക്ക് ഈ സ്വകാര്യതാ നയം ബാധകമല്ല:

- ഞങ്ങളുടെ സേവനങ്ങൾ പരസ്യം ചെയ്യുന്ന മറ്റ് കമ്പനികൾ, സ്ഥാപനങ്ങൾ എന്നിവയുടെ വിവര സമ്പ്രദായങ്ങൾക്ക്
- നയം ബാധകമായ Google സേവനങ്ങൾ ഉൾപ്പെടാനിടയുള്ള, മറ്റ് കമ്പനികളോ വ്യക്തികളോ നൽകുന്ന ഉൽപ്പന്നങ്ങളോ സൈറ്റുകളോ തിരയൽ ഫലങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്ന ഉൽപ്പന്നങ്ങളോ സൈറ്റുകളോ ഞങ്ങളുടെ സേവനങ്ങളിൽ നിന്നും ലിങ്ക് ചെയ്തിരിക്കുന്നവയോ ഉൾപ്പെടെ മറ്റ് കമ്പനികളോ വ്യക്തികളോ നൽകുന്ന സേവനങ്ങൾക്ക്

# ഈ നയത്തിലേക്ക് വരുത്തിയിരിക്കുന്ന മാറ്റങ്ങൾ

സമയാസമയങ്ങളിൽ ഈ സ്വകാര്യതാ നയം ഞങ്ങൾ മാറ്റുന്നതാണ്. നിങ്ങളുടെ സ്‌പഷ്‌ടമായ സമ്മതമില്ലാതെ ഈ സ്വകാര്യതാ നയത്തിന് കീഴിലുള്ള നിങ്ങളുടെ അവകാശങ്ങൾ ഞങ്ങൾ വെട്ടിക്കുറയ്ക്കുകയില്ല. അവസാനം വരുത്തിയ മാറ്റങ്ങൾ പ്രസിദ്ധീകരിച്ച തീയതി ഞങ്ങൾ എല്ലായ്പ്പോഴും സൂചിപ്പിക്കുന്നു, നിങ്ങളുടെ അവലോകനത്തിനായി ആർക്കൈവ് ചെയ്തിട്ടുള്ള പതിപ്പുകളിലേക്ക് ആക്സസ് നൽകുകയും ചെയ്യുന്നു. മാറ്റങ്ങൾ പ്രധാനപ്പെട്ടതാണെങ്കിൽ, ഞങ്ങൾ കൂടുതൽ വ്യക്തമായ അറിയിപ്പ് (ചില സേവനങ്ങളിൽ, സ്വകാര്യതാ നയ മാറ്റങ്ങൾ ഇമെയിൽ മുഖേന അറിയിക്കുന്നത് ഉൾപ്പെടെ) നൽകുന്നതായിരിക്കും.

---

ബന്ധപ്പെട്ട സ്വകാര്യതാ കീഴ്‌വഴക്കങ്ങൾ

# നിർദ്ദിഷ്‌ട Google സേവനങ്ങൾ

ഇനിപ്പറയുന്ന സ്വകാര്യതാ അറിയിപ്പുകൾ, ചില Google സേവനങ്ങളെ കുറിച്ചുള്ള അധിക വിവരങ്ങൾ നൽകുന്നു:

- Chrome-ഉം Chrome ഓപ്പറേറ്റിംഗ് സിസ്റ്റവും
- Payments
- Fiber
- Google Fi
- Google Workspace for Education

- Read Along
- കുട്ടി YouTube
- 13 വയസിന് (അല്ലെങ്കിൽ നിങ്ങളുടെ രാജ്യത്തെ ബാധകമായ പ്രായത്തിന് അനുസൃതമായി) താഴെയുള്ള കുട്ടികൾക്കായി, Family Link ഉപയോഗിച്ച് മാനേജ് ചെയ്യപ്പെടുന്ന Google അക്കൗണ്ടുകൾ
- കുട്ടികൾക്കും കൗമാരക്കാർക്കുമുള്ള Family Link സ്വകാര്യതാ ഗൈഡ്
- Google അസിസ്റ്റന്റിലെ, കുട്ടികളുടെ ഫീച്ചറുകളിൽ നിന്നുള്ള ശബ്ദ, ഓഡിയോ ശേഖരം

Google Workspace അല്ലെങ്കിൽ Google Cloud Platform ഉപയോഗിക്കുന്ന ഒരു സ്ഥാപനത്തിലെ അംഗമാണ് നിങ്ങൾ എങ്കിൽ, ഈ സേവനങ്ങൾ നിങ്ങളുടെ വ്യക്തിപര വിവരങ്ങൾ ശേഖരിക്കുന്നതും ഉപയോഗിക്കുന്നതും എങ്ങനെയാണെന്ന് Google Cloud സ്വകാര്യതാ അറിയിപ്പിൽ അറിയുക.

# മറ്റ് ഉപയോഗപ്രദമായ വിഭവസാമഗ്രികൾ

ഇനിപ്പറയുന്ന ലിങ്കുകൾ, നിങ്ങളുടെ സമ്പ്രദായങ്ങളെ കുറിച്ചും സ്വകാര്യതാ ക്രമീകരണത്തെ കുറിച്ചും കൂടുതലറിയാൻ, ഉപയോഗപ്രദമായ വിഭവസാമഗ്രികൾ നൽകുന്നു.

- നിങ്ങളുടെ അക്കൗണ്ട് നിയന്ത്രിക്കാൻ നിങ്ങൾക്ക് ഉപയോഗിക്കാവുന്ന ഈ ക്രമീകരണത്തിൽ പലതും നിങ്ങളുടെ Google അക്കൗണ്ടിൽ തന്നെയുണ്ട്
- നിങ്ങളുടെ Google അക്കൗണ്ടിന്റെ പ്രധാന സ്വകാര്യതാ ക്രമീകരണത്തിലൂടെ സ്വകാര്യതാ പരിശോധന നിങ്ങളെ നയിക്കും
- നിങ്ങളുടെ കുടുംബത്തിനായി ഓൺലൈനിൽ ഡിജിറ്റൽ സംബന്ധമായ അടിസ്ഥാന നയങ്ങൾ സജ്ജീകരിക്കാൻ സഹായിക്കുന്ന ഞങ്ങളുടെ അന്തർനിർമ്മിത സുരക്ഷ, സ്വകാര്യത നിയന്ത്രണങ്ങൾ, ടൂളുകൾ എന്നിവയെ കുറിച്ച് കൂടുതലറിയാൻ Google-ന്റെ സുരക്ഷാ കേന്ദ്രം നിങ്ങളെ സഹായിക്കുന്നു.
- സ്വകാര്യതയെക്കുറിച്ച് ഞങ്ങൾക്ക് ലഭിക്കാറുള്ള ചില പ്രധാന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ Google-ന്റെ കൗമാരക്കാർക്കുള്ള സ്വകാര്യതാ ഗൈഡ് നൽകുന്നു
- ഈ സ്വകാര്യതാ നയം, ഞങ്ങളുടെ സേവന വ്യവസ്ഥകൾ എന്നിവയെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ സ്വകാര്യതയും നിബന്ധനകളും നൽകുന്നു

- സാങ്കേതികവിദ്യകൾ എന്ന വിഭാഗത്തിൽ ഇനി പറയുന്നവയെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ഉൾക്കൊള്ളുന്നു:
  - Google എങ്ങനെ കുക്കികൾ ഉപയോഗിക്കുന്നു
  - പരസ്യം നൽകുന്നതിന് ഉപയോഗിക്കുന്ന സാങ്കേതികവിദ്യകൾ
  - Google സേവനങ്ങൾ ഉപയോഗിക്കുന്ന സൈറ്റുകളിൽ നിന്നോ ആപ്പുകളിൽ നിന്നോ ഉള്ള വിവരങ്ങൾ ഞങ്ങൾ ഉപയോഗിക്കുന്ന വിധം

---

# പ്രധാന നിബന്ധനകൾ

## അനുബന്ധ സ്ഥാപനങ്ങൾ

യുറോപ്യൻ യൂണിയനിൽ ഉപഭോക്തൃ സേവനങ്ങൾ നൽകുന്ന, ഇനിപ്പറയുന്ന കമ്പനികൾ ഉൾപ്പെടെ, Google ഗ്രൂപ്പ് ഓഫ് കമ്പനികളിൽ ഉൾപ്പെടുന്ന ഒരു സ്ഥാപനമാണ് ഒരു അഫിലിയേറ്റ്: Google Ireland Limited, Google Commerce Ltd, Google Payment Corp, Google Dialer Inc. യുറോപ്യൻ യൂണിയനിൽ ബിസിനസ് സേവനങ്ങൾ നൽകുന്ന കമ്പനികളെ കുറിച്ച് കൂടുതലറിയുക.

## അപ്ലിക്കേഷൻ ഡാറ്റ കാഷെ

ഒരു ഉപകരണത്തിലെ ഒരു ഡാറ്റ ശേഖരമാണ് അപ്ലിക്കേഷൻ ഡാറ്റ കാഷെ. ഉദാഹരണമായി, ഒരു ഇന്റർനെറ്റ് കണക്ഷൻ ഇല്ലാതെ പ്രവർത്തിക്കുന്നതിന് ഒരു വെബ് അപ്ലിക്കേഷനെ പ്രവർത്തനക്ഷമമാക്കാനും ഉള്ളടക്കം വേഗത്തിൽ ലോഡുചെയ്യുന്നത് പ്രവർത്തനക്ഷമമാക്കുന്നതിലൂടെ അപ്ലിക്കേഷന്റെ പ്രവർത്തനത്തെ മെച്ചപ്പെടുത്താനും അതിന് കഴിയും.

## അൽഗരിതം

പ്രശ്നം പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ നിർവഹിക്കുമ്പോൾ ഒരു കമ്പ്യൂട്ടർ പാലിക്കുന്ന ഒരു പ്രോസസ്സ് അല്ലെങ്കിൽ ഒരു കൂട്ടം നിയമങ്ങൾ.

## ഉപകരണം

Google സേവനങ്ങൾ ആക്സസ് ചെയ്യുന്നതിന് ഉപയോഗിക്കാവുന്ന ഒരു ഉപകരണമാണ് കമ്പ്യൂട്ടർ. ഉദാഹരണത്തിന്, ഡെസ്‌ക്‌ടോപ്പ് കമ്പ്യൂട്ടറുകളും ടാബ്‌ലെറ്റുകളും സ്‌മാർട്ട് സ്‌പീക്കറുകളും സ്‌മാർട്ട് ഫോണുകളുമെല്ലാം ഉപകരണങ്ങളായി കണക്കാക്കപ്പെടുന്നു.

## കുക്കികൾ

നിങ്ങൾ ഒരു വെബ്‌സൈറ്റ് സന്ദർശിക്കുമ്പോൾ നിങ്ങളുടെ കമ്പ്യൂട്ടറിലേക്ക് അയയ്ക്കുന്ന പ്രതീകങ്ങളുടെ സ്‌ട്രിംഗ് ഉൾപ്പെട്ടിരിക്കുന്ന ഒരു ചെറിയ ഫയലാണ് കുക്കി. നിങ്ങൾ വീണ്ടും വെബ്‌സൈറ്റ് സന്ദർശിക്കുമ്പോൾ, നിങ്ങളുടെ ബ്രൗസറിനെ തിരിച്ചറിയാൻ ആ സൈറ്റിനെ കുക്കി അനുവദിക്കുന്നു. കുക്കികൾ ഉപയോക്തൃ മുൻഗണനകളും മറ്റ് വിവരങ്ങളും സംഭരിച്ചേക്കാം. എല്ലാ കുക്കികളെയും നിരസിക്കുന്നതിനോ ഒരു കുക്കി അയച്ചുകൊണ്ടിരിക്കുമ്പോൾ സൂചിപ്പിക്കുന്നതിനോ നിങ്ങൾക്ക് ബ്രൗസർ കോൺഫിഗർ ചെയ്യാവുന്നതാണ്. എന്നിരുന്നാലും, ചില വെബ്‌സൈറ്റ് സവിശേഷതകളോ സേവനങ്ങളോ കുക്കികളില്ലാതെ ശരിയായി പ്രവർത്തിക്കണമെന്നില്ല. Google കുക്കികൾ ഉപയോഗിക്കുന്ന രീതിയെ കുറിച്ചും ഞങ്ങളുടെ പങ്കാളികളുടെ സൈറ്റുകളോ ആപ്പുകളോ ഉപയോഗിക്കുമ്പോൾ, കുക്കികൾ ഉൾപ്പെടെയുള്ള വിവരം Google ഉപയോഗിക്കുന്ന രീതിയെ കുറിച്ചും കൂടുതലറിയുക.

## തനതായ ഐഡന്റിഫയറുകൾ

ഒരു ബ്രൗസറിനെയോ ആപ്പിനെയോ ഉപകരണത്തെയോ തനതായി തിരിച്ചറിയാൻ ഉപയോഗിക്കാൻ കഴിയുന്ന പ്രതീകങ്ങളുടെ ഒരു സ്‌ട്രിംഗാണ് തനത് ഐഡന്റിഫയർ. എത്ര ശാശ്വതമാണ്, ഉപയോക്താക്കൾക്ക് റീസെറ്റ് ചെയ്യാനാവുമോ, എങ്ങനെ ആക്‌സസ് ചെയ്യാൻ കഴിയും എന്നിങ്ങനെയുള്ള കാര്യങ്ങളിൽ വ്യത്യസ്‌ത ഐഡന്റിഫയറുകൾ വ്യത്യസ്‌തമായിരിക്കും.

സുരക്ഷയും വഞ്ചന കണ്ടെത്തലും, ഉപയോക്താവിന്റെ ഇമെയിൽ ഇൻബോക്‌സ് പോലുള്ള സേവനങ്ങൾ സമന്വയിപ്പിക്കൽ, നിങ്ങളുടെ മുൻഗണനകൾ ഓർമ്മിക്കൽ, വ്യക്തിപരമാക്കിയ പരസ്യം നൽകൽ എന്നിവയുൾപ്പെടെ വ്യത്യസ്‌ത ആവശ്യങ്ങൾക്കായി തനത് ഐഡന്റിഫയറുകൾ ഉപയോഗിക്കാനാകും. ഉദാഹരണത്തിന്, നിങ്ങൾക്ക് ഇഷ്‌ടപ്പെട്ട ഭാഷയിൽ നിങ്ങളുടെ ബ്രൗസറിൽ ഉള്ളടക്കം കാണിക്കാൻ സൈറ്റുകളെ കുക്കികളിൽ സംഭരിച്ചിട്ടുള്ള തനത് ഐഡന്റിഫയറുകൾ സഹായിക്കും. എല്ലാ കുക്കികളെയും നിരസിക്കുന്നതിനോ ഒരു കുക്കി അയച്ചുകൊണ്ടിരിക്കുമ്പോൾ സൂചിപ്പിക്കുന്നതിനോ നിങ്ങൾക്ക് ബ്രൗസർ കോൺഫിഗർ ചെയ്യാവുന്നതാണ്. Google കുക്കികൾ ഉപയോഗിക്കുന്ന രീതിയെ കുറിച്ച് കൂടുതലറിയുക.

ബ്രൗസറുകൾക്ക് പുറമെയുള്ള മറ്റ് പ്ലാറ്റ്‌ഫോമുകളിൽ, ഒരു നിർദ്ദിഷ്‌ട ഉപകരണമോ ആ ഉപകരണത്തിലെ ആപ്പോ തിരിച്ചറിയാൻ തനത് ഐഡന്റിഫയറുകൾ ഉപയോഗിക്കപ്പെടുന്നു. ഉദാഹരണത്തിന്, Android ഉപകരണങ്ങളിൽ പ്രസക്തമായ പരസ്യം നൽകുന്നതിന് പരസ്യം

ചെയ്യൽ ഐഡി പോലെയുള്ള തനത് ഐഡന്റിഫയർ ഉപയോഗിക്കപ്പെടുന്നു, ഉപകരണത്തിന്റെ ക്രമീകരണത്തിൽ ഇത് നിയന്ത്രിക്കാവുന്നതാണ്. ഉപകരണത്തിലേക്ക് നിർമ്മാതാവ് തന്നെ തനത് ഐഡന്റിഫയറുകളെ ഉൾച്ചേർക്കുകയും ചെയ്തേക്കാം (ഇങ്ങനെ നിർമ്മാതാവ് ഉൾച്ചേർക്കുന്ന ഐഡന്റിഫയറിനെ 'യൂണിവേഴ്സലി യുണീക്ക് ഐഡി' അല്ലെങ്കിൽ UUID എന്ന് വിളിക്കുന്നു), ഇത്തരമൊരു ഐഡന്റിഫയറാണ് മൊബൈലിന്റെ IMEI നമ്പർ. ഉദാഹരണത്തിന്, നിങ്ങളുടെ ഉപകരണത്തിലേക്കുള്ള ഞങ്ങളുടെ സേവനം ഇഷ്ടാനുസൃതമാക്കാനോ ഞങ്ങളുടെ സേവനങ്ങളുമായി ബന്ധപ്പെട്ട ഉപകരണ പ്രശ്നങ്ങൾ വിശകലനം ചെയ്യാനോ ഉപകരണത്തിന്റെ തനത് ഐഡന്റിഫയർ ഉപയോഗിക്കാവുന്നതാണ്.

## തന്ത്രപ്രധാനമായ സ്വകാര്യ വിവരം

രഹസ്യ സ്വഭാവമുള്ള മെഡിക്കൽ വസ്തുതകൾ, വർഗ്ഗപരം അല്ലെങ്കിൽ വംശീയപരം, രാഷ്ട്രീയപരമോ മതപരമോ ആയ വിശ്വാസങ്ങൾ, അല്ലെങ്കിൽ ലൈംഗികത എന്നിവപോലുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്ന സ്വകാര്യ വിവരങ്ങളുടെ പ്രത്യേക വിഭാഗമാണിത്.

## പിക്സൽ ടാഗ്

ഒരു വെബ്സൈറ്റിന്റെ കാഴ്ചകളോ എപ്പോഴാണ് ഒരു ഇമെയിൽ തുറക്കുന്നത് എന്ന വിവരമോ പോലെയുള്ള നിശ്ചിത ആക്റ്റിവിറ്റി ട്രാക്ക് ചെയ്യാൻ, ഒരു വെബ്സൈറ്റിൽ സ്ഥാപിച്ചിട്ടുള്ളതോ ഒരു ഇമെയിലിന്റെ ബോഡിയ്ക്കുള്ളിൽ സ്ഥാപിച്ചിട്ടുള്ളതോ ആയ ഒരുതരം സാങ്കേതികവിദ്യയാണ് ഒരു പിക്സൽ ടാഗ്. പിക്സൽ ടാഗുകൾ പലപ്പോഴും കുക്കികൾക്ക് ഒപ്പമാണ് ഉപയോഗിക്കുന്നത്.

## ബ്രൗസർ വെബ് സംഭരണം

ഒരു ഉപകരണത്തിലെ ഒരു ബ്രൗസറിൽ ഡാറ്റ സംഭരിക്കുന്നതിന് ബ്രൗസർ വെബ് സംഭരണം വെബ്സൈറ്റുകളെ പ്രവർത്തനക്ഷമമാക്കുന്നു. "ലോക്കൽ സ്റ്റോറേജ്" മോഡിൽ ഉപയോഗിക്കുമ്പോൾ, സെഷനുകളിൽ ഉടനീളം ഡാറ്റ സംഭരിക്കപ്പെടുന്ന സംവിധാനത്തെ ഇത് പ്രവർത്തനക്ഷമമാക്കുന്നു. ബ്രൗസർ അടച്ച് വീണ്ടും തുറക്കുന്ന സാഹചര്യത്തിലും ഡാറ്റ വീണ്ടെടുക്കുന്നത് ഇത് സാധ്യമാക്കുന്നു. വെബ് സ്റ്റോറേജിനെ സുഗമമാക്കുന്ന ഒരു സാങ്കേതിക വിദ്യയാണ് HTML 5.

## സെർവർ ലോഗുകൾ

ഭൂരിഭാഗം വെബ്സൈറ്റുകളെയും പോലെ, നിങ്ങൾ ഞങ്ങളുടെ സൈറ്റുകൾ സന്ദർശിക്കുമ്പോൾ സൃഷ്ടിക്കുന്ന പേജ് അഭ്യർത്ഥനകൾ ഞങ്ങളുടെ സെർവറുകൾ യാന്ത്രികമായി റെക്കോർഡുചെയ്യുന്നു. ഈ "സെർവർ ലോഗുകളിൽ" സാധാരണയായി നിങ്ങളുടെ വെബ് അഭ്യർത്ഥന, ഇന്റർനെറ്റ് പ്രോട്ടോക്കോൾ വിലാസം, ബ്രൗസർ തരം, ബ്രൗസർ ഭാഷ, നിങ്ങളുടെ അഭ്യർത്ഥനാ തീയതിയും സമയവും, നിങ്ങളുടെ ബ്രൗസറിനെ അദ്വിതീയമായി തിരിച്ചറിഞ്ഞേക്കാവുന്ന ഒന്നോ അതിലധികമോ കുക്കികൾ എന്നിവ ഉൾപ്പെടുന്നു.

"കാറുകൾ" തിരയുന്നതിനുള്ള ഒരു സാധാരണ ലോഗ് എൻട്രി ഇതുപോലെ കാണപ്പെടും:

```
123.45.67.89 - 25/Mar/2003 10:15:32 -
http://www.google.com/search?q=cars -
Firefox 1.0.7; Windows NT 5.1 -
740674ce2123e969
```

- `123.45.67.89` എന്നത് ഉപയോക്താവിന്റെ ISP മുഖേന ഉപയോക്താവിന് നിയോഗിച്ച് നൽകിയിട്ടുള്ള ഇന്റർനെറ്റ് പ്രോട്ടോക്കോൾ വിലാസമാണ്. ഉപയോക്താവിന്റെ സേവനത്തെ ആശ്രയിച്ച്, ഓരോ തവണയും ഇന്റർനെറ്റിൽ കണക്റ്റ് ചെയ്യുമ്പോൾ ഉപയോക്താവിന്റെ സേവന ദാതാവ് അവർക്കായി ഒരു വ്യത്യസ്ത വിലാസം നൽകിയേക്കാം.

- `25/Mar/2003 10:15:32` എന്നത് ചോദ്യത്തിന്റെ തീയതിയും സമയവുമാണ്.

- `http://www.google.com/search?q=cars` എന്നത്, തിരയൽ ചോദ്യം ഉൾപ്പെടെ, അഭ്യർത്ഥിച്ചിട്ടുള്ള URL ആണ്.

- `Firefox 1.0.7; Windows NT 5.1` എന്നത് ഉപയോഗിക്കപ്പെടുന്ന ബ്രൗസറും ഓപ്പറേറ്റിംഗ് സിസ്റ്റവുമാണ്.

- `740674ce2123a969` എന്നത്, ഈ നിർദ്ദിഷ്ട കമ്പ്യൂട്ടർ ആദ്യ തവണ Google സന്ദർശിച്ചപ്പോൾ, അതിന് നിയോഗിച്ച് നൽകിയ തനത് കുക്കി ഐഡിയാണ്. (കുക്കികളെ ഉപയോക്താക്കൾക്ക് ഇല്ലാതാക്കാവുന്നതാണ്. ഉപയോക്താവ് അവസാന തവണ Google സന്ദർശിച്ചതിന് ശേഷം കമ്പ്യൂട്ടറിൽ നിന്നും കുക്കി ഇല്ലാതാക്കിയെങ്കിൽ, പിന്നീട് ആ പ്രത്യേക കമ്പ്യൂട്ടറിൽ നിന്നും അടുത്ത തവണ Google സന്ദർശിക്കുന്ന സമയത്ത് ഉപയോക്താവിന് അദ്വിതീയ കുക്കി ID നൽകും).

## സ്വകാര്യ വിവരങ്ങൾ

നിങ്ങളുടെ പേരോ ഇമെയിൽ വിലാസമോ ബില്ലിംഗ് വിവരമോ, അല്ലെങ്കിൽ ഞങ്ങൾ നിങ്ങളുടെ Google അക്കൗണ്ടുമായി ബന്ധപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പോലെ, Google-ന് അത്തരം വിവരങ്ങളിലേക്ക് ന്യായമായും ലിങ്ക് ചെയ്യാൻ കഴിയുന്ന മറ്റ് ഡാറ്റയോ പോലെ നിങ്ങളെ വ്യക്തിഗതമായി തിരിച്ചറിയുന്നതും ഞങ്ങൾക്ക് നൽകിയതുമായ വിവരങ്ങളാണിത്.

## സ്വകാര്യമായി തിരിച്ചറിയാനാകാത്ത വിവരങ്ങൾ

ഉപയോക്താക്കളെ കുറിച്ച് റെക്കോർഡ് ചെയ്തിട്ടുള്ള വിവരമാണിത്, അതിനാൽ വ്യക്തിഗതമായി തിരിച്ചറിയാൻ കഴിയുന്ന ഉപയോക്താവിനെ ഇത് മേലിൽ പ്രതിഫലിപ്പിക്കുകയോ പരാമർശിക്കുകയോ ചെയ്യുന്നതല്ല.

## റെഫറർ URL

സാധാരണയായി ഒരു ലക്ഷ്യസ്ഥാന വെബ്‌പേജിലെ ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ, വെബ് ബ്രൗസർ വഴി അതിലേക്ക് ട്രാൻസ്‌മിറ്റ് ചെയ്യുന്ന വിവരമാണ് റെഫറർ URL (യൂണിഫോം റിസോഴ്‌സ് ലൊക്കേറ്റർ). ബ്രൗസർ അവസാനമായി സന്ദർശിച്ച വെബ്‌പേജിന്റെ URL, റെഫറർ URL-ൽ അടങ്ങിയിരിക്കുന്നു.

## Google അക്കൌണ്ട്

ഒരു Google അക്കൗണ്ടിനായി സൈൻ അപ്പ് ചെയ്ത് ഞങ്ങൾക്ക് ചില വ്യക്തിപര വിവരങ്ങൾ (സാധാരണഗതിയിൽ നിങ്ങളുടെ പേര്, ഇമെയിൽ വിലാസം, ഒരു പാസ്‌വേഡ് തുടങ്ങിയവ) നൽകുന്നതിലൂടെ ഞങ്ങളുടെ സേവനങ്ങളിൽ ചിലത് ആക്‌സസ് ചെയ്യാൻ നിങ്ങൾക്ക് കഴിഞ്ഞേക്കാം. Google സേവനങ്ങൾ ആക്‌സസ് ചെയ്യുമ്പോൾ നിങ്ങളുടെ വിശ്വാസ്യത ഉറപ്പാക്കാനും മറ്റുള്ളവരുടെ അനധികൃത ആക്‌സസിൽ നിന്ന് നിങ്ങളുടെ അക്കൗണ്ടിനെ പരിരക്ഷിക്കാനും ഈ അക്കൗണ്ട് വിവരം ഉപയോഗിക്കുന്നു. Google അക്കൗണ്ട് ക്രമീകരണത്തിലൂടെ ഏതുസമയത്തും നിങ്ങളുടെ അക്കൗണ്ട് എഡിറ്റ് ചെയ്യുകയോ ഇല്ലാതാക്കുകയോ ചെയ്യാവുന്നതാണ്.

## IP വിലാസം

ഇന്റർനെറ്റിലേക്ക് കണക്റ്റുചെയ്‌തിരിക്കുന്ന ഓരോ ഉപകരണത്തിനും ഇന്റർനെറ്റ് പ്രോട്ടോക്കോൾ (IP) വിലാസം എന്നറിയപ്പെടുന്ന ഒരു നമ്പർ നിയുക്തമാക്കിയിരിക്കുന്നു. ഈ നമ്പറുകൾ സാധാരണയായി ഭൂമിശാസ്ത്രപരമായ ബ്ലോക്കുകളിൽ നിയുക്തമാക്കിയിരിക്കുന്നു. ഇന്റർനെറ്റിൽ കണക്റ്റുചെയ്‌തിരിക്കുന്ന ഉപകരണം ഏതുസ്ഥലത്തുനിന്നാണെന്ന് തിരിച്ചറിയാൻ പലപ്പോഴും ഒരു IP വിലാസം ഉപയോഗിക്കാറുണ്ട്.

# അധിക വിവരം

## അവർക്ക് വേണ്ടിയുള്ള പരസ്യ സേവനവും ഗവേഷണ സേവനവും

ഉദാഹരണത്തിന്, പരസ്യദാതാക്കൾ, ലോയൽറ്റി-കാർഡ് പ്രോഗ്രാമുകളിൽ നിന്നുള്ള ഡാറ്റ അപ്‌ലോഡ് ചെയ്തേക്കാം, അവരുടെ പരസ്യ കാമ്പെയിനുകളുടെ പ്രകടനത്തെ കുറിച്ച് കൂടുതൽ നന്നായി മനസ്സിലാക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. ഞങ്ങൾ പരസ്യദാതാക്കൾക്ക് നൽകുന്നത് സമാഹരിച്ചിട്ടുള്ള റിപ്പോർട്ടുകൾ മാത്രമാണ്, വ്യക്തികളെ കുറിച്ചുള്ള വിവരങ്ങളൊന്നും ഈ റിപ്പോർട്ടുകൾ വെളിപ്പെടുത്തില്ല.

## ഇഷ്ടാനുസൃതമാക്കിയ തിരയൽ ഫലങ്ങൾ

ഉദാഹരണത്തിന്, നിങ്ങൾ Google അക്കൗണ്ടിലേക്ക് സൈൻ ഇൻ ചെയ്തിരിക്കുകയും 'വെബ്, ആപ്പ് ആക്റ്റിവിറ്റി' നിയന്ത്രണം പ്രവർത്തനക്ഷമമാക്കിയിരിക്കുകയും ചെയ്തിട്ടുള്ളപ്പോൾ, മുമ്പത്തെ തിരയലുകളെയും മറ്റ് Google സേവനങ്ങളിൽ നിന്നുള്ള ആക്റ്റിവിറ്റിയെയും അടിസ്ഥാനമാക്കി, കൂടുതൽ പ്രസക്തമായ തിരയൽ ഫലങ്ങൾ നിങ്ങൾക്ക് ലഭിക്കും. നിങ്ങൾക്ക് ഇവിടെ കൂടുതൽ അറിയാവുന്നതാണ്. നിങ്ങൾ സൈൻ ഔട്ട് ആയിരിക്കുമ്പോൾ പോലും നിങ്ങൾക്ക് ഇഷ്ടാനുസൃതമാക്കിയ തിരയൽ ഫലങ്ങളും ലഭിക്കുന്നു. തിരയൽ ഇഷ്ടാനുസൃതമാക്കലിന്റെ ഈ നില നിങ്ങൾ ആഗ്രഹിക്കുന്നില്ലെങ്കിൽ, നിങ്ങൾക്ക് സ്വകാര്യമായി തിരയാനും ബ്രൗസ് ചെയ്യാനുമാകും അല്ലെങ്കിൽ സൈൻ ഔട്ട് ചെയ്ത തിരയൽ വ്യക്തിപരമാക്കൽ ഓഫാക്കാനുമാകും.

## ഉചിതമായ സുരക്ഷാ മുൻകരുതലുകൾ

ഉദാഹരണത്തിന്, നിങ്ങളെ കുറിച്ചുള്ള മറ്റ് വിവരങ്ങളിലേക്ക് ഡാറ്റ ലിങ്ക് ചെയ്യപ്പെടില്ല എന്നുറപ്പാക്കാൻ ഞങ്ങൾ ഡാറ്റയിൽ നിന്ന് വ്യക്തി വിവരങ്ങൾ എടുത്തുനീക്കാം അല്ലെങ്കിൽ ഡാറ്റ എൻക്രിപ്റ്റ് ചെയ്യാം. കൂടുതലറിയുക

## ഉദ്ദേശിക്കപ്പെട്ട പ്രകാരം ഞങ്ങളുടെ സേവനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുക

ഉദാഹരണത്തിന്, പ്രശ്നങ്ങൾ ഉണ്ടോ എന്ന് കണ്ടെത്താൻ ഞങ്ങൾ നിരന്തരം സിസ്റ്റങ്ങൾ നിരീക്ഷിക്കുന്നു. ഒരു നിർദ്ദിഷ്ട ഫീച്ചറുമായി ബന്ധപ്പെട്ട് എന്തെങ്കിലും കുഴപ്പമുണ്ടെന്ന് ഞങ്ങൾ കണ്ടെത്തുകയാണെങ്കിൽ, പ്രശ്നം ആരംഭിച്ചതിന് മുമ്പ് ശേഖരിക്കപ്പെട്ടിട്ടുള്ള ആക്റ്റിവിറ്റി

വിവരങ്ങൾ അവലോകനം ചെയ്യുന്നത്, കൂടുതൽ വേഗത്തിൽ പ്രശ്നം പരിഹരിക്കാൻ ഞങ്ങളെ സഹായിക്കുന്നു.

## ഉപകരണങ്ങൾ

ഉദാഹരണത്തിന്, Google Play-യിൽ നിന്ന് നിങ്ങൾ വാങ്ങുന്ന ഒരു ആപ്പ് ഇൻസ്റ്റാൾ ചെയ്യാനോ ഒരു സിനിമ കാണാനോ ഏത് ഉപകരണം ഉപയോഗിക്കണമെന്ന കാര്യം തീരുമാനിക്കാൻ നിങ്ങളെ സഹായിക്കുന്നതിന്, നിങ്ങളുടെ ഉപകരണങ്ങളിൽ നിന്നുള്ള വിവരങ്ങൾ ഞങ്ങൾക്ക് ഉപയോഗിക്കാനാകും. നിങ്ങളുടെ അക്കൗണ്ട് പരിരക്ഷിക്കാൻ സഹായിക്കുന്നതിനും ഞങ്ങൾ ഈ വിവരങ്ങൾ ഉപയോഗിക്കുന്നു.

## ഉള്ളടക്കവും പരസ്യങ്ങളും ആയി ബന്ധപ്പെട്ട കാഴ്ചകളും ഇന്ററാക്ഷനുകളും

ഉദാഹരണത്തിന്, പരസ്യങ്ങളുമായി ബന്ധപ്പെട്ട കാഴ്ചകളെയും ഇന്ററാക്ഷനുകളെയും കുറിച്ചുള്ള വിവരങ്ങൾ ഞങ്ങൾ ശേഖരിക്കുന്നു; പരസ്യദാതാക്കൾ നൽകുന്ന പരസ്യം ഒരു പേജിൽ കാണിച്ചിട്ടുണ്ടോ എന്നും സന്ദർശകർ ആ പരസ്യം കണ്ടിരിക്കാൻ സാധ്യത ഉണ്ടായിരുന്നോ എന്നും പരസ്യദാതാക്കളെ അറിയിക്കുന്നത് പോലെ, പരസ്യദാതാക്കൾക്ക് സമാഹൃത റിപ്പോർട്ടുകൾ നൽകാനുള്ള ഉദ്ദേശ്യത്തിനാണ് ഈ വിവരങ്ങൾ ശേഖരിക്കുന്നത്. ഒരു പരസ്യത്തിന് മുകളിലൂടെ നിങ്ങൾ എങ്ങനെ മൗസ് നീക്കുന്നുവെന്നതോ പരസ്യം ദൃശ്യമാകുന്ന പേജുമായി നിങ്ങൾ ഇന്ററാക്റ്റ് ചെയ്തോ എന്നതോ പോലുള്ള മറ്റ് ഇന്ററാക്ഷനുകളും ഞങ്ങൾ അളന്നേക്കാം.

## ഉറപ്പാക്കുക, മെച്ചപ്പെടുത്തുക

ഉദാഹരണത്തിന്, ഞങ്ങളുടെ പരസ്യങ്ങളുടെ പ്രകടനം മെച്ചപ്പെടുത്താൻ, പരസ്യങ്ങളുമായി ആളുകൾ എങ്ങനെയാണ് ഇന്ററാക്റ്റ് ചെയ്യുന്നതെന്ന് ഞങ്ങൾ വിശകലനം ചെയ്യുന്നു.

## ഓൺലൈനിൽ നിങ്ങൾ ഏറെ പ്രാധാന്യം കൊടുക്കുന്ന ആളുകൾ

ഉദാഹരണമായി, നിങ്ങൾ ഒരു മെയിലിന്റെ സ്വീകർത്താവ്, Cc, Bcc എന്നിവയിലൊന്നിന്റെ ഫീൽഡിൽ ഒരു വിലാസം ടൈപ്പ് ചെയ്യുമ്പോൾ, നിങ്ങൾ ഇടയ്ക്കിടെ ബന്ധപ്പെടുന്ന ആളുകളെ അടിസ്ഥാനമാക്കി വിലാസങ്ങൾ നിർദ്ദേശിക്കും.

## കൂടുതൽ ഉപയോഗപ്രദമായി നിങ്ങൾക്ക് തോന്നുന്ന പരസ്യങ്ങൾ

ഉദാഹരണത്തിന്, നിങ്ങൾ YouTube-ൽ ബേയ്ക്ക് ചെയ്യുന്നതിനെ കുറിച്ചുള്ള വീഡിയോകൾ കാണുകയാണെങ്കിൽ, നിങ്ങൾ വെബിൽ ബ്രൗസ് ചെയ്യുന്ന സമയത്ത്, ബേയ്ക്കിംഗുമായി ബന്ധപ്പെട്ട കൂടുതൽ പരസ്യങ്ങൾ നിങ്ങൾ കണ്ടേക്കാം. നിങ്ങളുടെ ഏകദേശ ലൊക്കേഷൻ നിർണ്ണയിക്കാൻ നിങ്ങളുടെ IP വിലാസവും ഞങ്ങൾ ഉപയോഗിച്ചേക്കാം, അതിലൂടെ നിങ്ങൾ "പിസ്സ" എന്ന് തിരയുമ്പോൾ സമീപത്തുള്ള ഒരു പിസ്സ ഡെലിവറി സേവനത്തിന്റെ പരസ്യങ്ങൾ ഞങ്ങൾക്ക് നൽകാനാവും. Google പരസ്യങ്ങളെ കുറിച്ചും എന്തുകൊണ്ടാണ് നിങ്ങൾ പ്രത്യേകമായ പരസ്യങ്ങൾ കാണുന്നത് എന്നതിനെ കുറിച്ചും കൂടുതലറിയുക.

## കോളുകൾ ചെയ്യാനും സ്വീകരിക്കാനും അല്ലെങ്കിൽ സന്ദേശങ്ങൾ അയയ്ക്കാനും സ്വീകരിക്കാനുമുള്ള സേവനങ്ങൾ

അത്തരം സേവനങ്ങളുടെ ഉദാഹരണങ്ങളിൽ ഇനിപ്പറയുന്നവ ഉൾപ്പെടുന്നു:

- Google Voice, കോളുകൾ ചെയ്യാനും സ്വീകരിക്കാനും ടെക്സ്റ്റ് മെസേജുകൾ അയയ്ക്കാനും വോയ്സ്മെയിൽ മാനേജ് ചെയ്യാനും
- Google Meet, വീഡിയോ കോളുകൾ ചെയ്യാനും സ്വീകരിക്കാനും
- Gmail, ഇമെയിലുകൾ അയയ്ക്കാനും സ്വീകരിക്കാനും
- Google Chat, സന്ദേശങ്ങൾ അയയ്ക്കാനും സ്വീകരിക്കാനും
- Google Duo, വീഡിയോ കോളുകൾ ചെയ്യാനും സ്വീകരിക്കാനും സന്ദേശങ്ങൾ അയയ്ക്കാനും സ്വീകരിക്കാനും
- Google Fi, ഒരു ഫോൺ പ്ലാനിന്

## ഞങ്ങളുടെ ഉപയോക്താക്കൾ

ഉദാഹരണത്തിന്, ഞങ്ങളുടെ ഓൺലൈൻ ഉള്ളടക്ക മോഡറേഷനുള്ള പ്രവർത്തനരീതികളുമായി ബന്ധപ്പെട്ട് ദുരുപയോഗം തടയാനും സുതാര്യതയും ഉത്തരവാദിത്തമേറ്റെടുക്കലും വർദ്ധിപ്പിക്കാനും, ഞങ്ങളുടെ സേവനങ്ങളിൽ നിന്ന് ഉള്ളടക്കം നീക്കം ചെയ്യാനുള്ള അഭ്യർത്ഥനകളെ കുറിച്ചുള്ള ഡാറ്റ Lumen-മായി Google പങ്കിടും, ഇന്റർനെറ്റ് ഉപയോക്താക്കളെ അവരുടെ അവകാശങ്ങൾ മനസ്സിലാക്കാൻ സഹായിക്കുന്നതിനുള്ള

ഗവേഷണം സുഗമമാക്കാൻ Lumen ഈ അഭ്യർത്ഥനകൾ ശേഖരിച്ച് വിശകലനം ചെയ്യുന്നു. കൂടുതലറിയുക.

## ഞങ്ങളുടെ സേവനങ്ങൾ ഇഷ്ടാനുസൃതമാക്കൽ

ഉദാഹരണത്തിന്, നിങ്ങളുടെ രാജ്യത്തെ ഒരു ഇവന്റ് ആഘോഷിക്കുന്നതിന് തിരയൽ ഹോം പേജിൽ ഞങ്ങളൊരു Google ഡൂഡിൽ പ്രദർശിപ്പിച്ചേക്കാം.

## ഞങ്ങളുടെ സേവനങ്ങൾ നൽകുക

ഞങ്ങളുടെ സേവനങ്ങൾ നൽകാൻ നിങ്ങളുടെ വിവരങ്ങൾ ഞങ്ങൾ എങ്ങനെ ഉപയോഗിക്കും എന്നതിന്റെ ഉദാഹരണങ്ങളിൽ ഇനിപ്പറയുന്നവ ഉൾപ്പെടുന്നു:

- ഒരു YouTube വീഡിയോ ലോഡ് ചെയ്യുന്നത് പോലെ, നിങ്ങൾ അഭ്യർത്ഥിച്ച ഡാറ്റ ഉപകരണത്തിലേക്ക് അയയ്ക്കാൻ, ഉപകരണത്തിലേക്ക് നിയുക്തമാക്കിയിരിക്കുന്ന IP വിലാസം ഞങ്ങൾ ഉപയോഗിക്കുന്നു
- Google അക്കൗണ്ടിലേക്ക് ആക്സസ് ലഭിക്കേണ്ട വ്യക്തിയായി നിങ്ങളെ പരിശോധിച്ചുറപ്പിക്കാൻ നിങ്ങളുടെ ഉപകരണത്തിലെ കുക്കികളിൽ സംഭരിച്ചിട്ടുള്ള തനത് ഐഡന്റിഫയറുകൾ ഞങ്ങൾ ഉപയോഗിക്കുന്നു
- നിങ്ങൾക്ക് പങ്കിടാനാകുന്ന ആൽബങ്ങളോ അനിമേഷനുകളോ മറ്റ് സൃഷ്ടികളോ സൃഷ്ടിക്കാൻ നിങ്ങളെ സഹായിക്കുന്നതിന് Google ഫോട്ടോസിലേക്ക് നിങ്ങൾ അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോകളും വീഡിയോകളും ഉപയോഗിക്കപ്പെടുന്നു. കൂടുതലറിയുക
- നിങ്ങൾക്ക് ലഭിക്കുന്ന ഒരു ഫ്ലൈറ്റ് സ്ഥിരീകരണ ഇമെയിൽ, നിങ്ങളുടെ Gmail-ൽ ദൃശ്യമാകുന്ന "ചെക്ക് ഇൻ" ബട്ടൺ സൃഷ്ടിക്കാനായി ഉപയോഗിക്കപ്പെട്ടേക്കാം
- ഞങ്ങളുടെ സേവനങ്ങളോ ഉൽപ്പന്നങ്ങളോ വാങ്ങുമ്പോൾ, ഷിപ്പിംഗ് വിലാസമോ ഡെലിവറി നിർദ്ദേശങ്ങളോ പോലുള്ള വിവരങ്ങൾ നിങ്ങൾ ഞങ്ങൾക്ക് നൽകിയേക്കാം. ഓർഡർ ചെയ്യൽ, പ്രൊസസ്സ്പൂർത്തീകരിക്കൽ, ഡെലിവറി ചെയ്യൽ എന്നിവ പോലുള്ള കാര്യങ്ങൾക്കായും, ഒപ്പം നിങ്ങൾ വാങ്ങുന്ന ഉൽപ്പന്നവുമായോ സേവനവുമായോ ബന്ധപ്പെട്ട പിന്തുണ നൽകുന്നതിനായും ഞങ്ങൾ ഈ വിവരങ്ങൾ ഉപയോഗിക്കുന്നു.

## ഞങ്ങൾ ശേഖരിക്കുന്ന വിവരങ്ങൾ സംയോജിപ്പിക്കുക

ഞങ്ങൾ ശേഖരിക്കുന്ന വിവരങ്ങൾ സംയോജിപ്പിക്കുന്നതിന്റെ ചില ഉദാഹരണങ്ങളിതാ:

- നിങ്ങൾ Google അക്കൗണ്ടിൽ സൈൻ ഇൻ ചെയ്ത് Google-ൽ തിരയുമ്പോൾ, Gmail അല്ലെങ്കിൽ Google കലണ്ടർ എന്നിവ പോലുള്ള മറ്റ് Google ഉൽപ്പന്നങ്ങളിൽ നിങ്ങൾക്കുള്ള ഉള്ളടക്കത്തിൽ നിന്നുള്ള പ്രസക്ത വിവരങ്ങൾക്കൊപ്പം, പൊതു വെബിൽ നിന്നുള്ള തിരയൽ ഫലങ്ങൾ നിങ്ങൾ കാണും. വരാൻ പോകുന്ന ഫ്ലൈറ്റുകളുടെ സ്റ്റാറ്റസ്, റസ്റ്റോറന്റ്, ഹോട്ടൽ റിസർവേഷനുകൾ അല്ലെങ്കിൽ നിങ്ങളുടെ ഫോട്ടോ എന്നിവ പോലുള്ള സംഗതികൾ ഇതിൽ ഉൾപ്പെടും. കൂടുതലറിയുക

- നിങ്ങൾ Gmail വഴി ആരെങ്കിലുമായി ആശയവിനിമയം നടത്തിയതിന് ശേഷം അവരെ Google ഡോക്സിലോ Google കലണ്ടറിലെ ഒരു ഇവന്റിലോ ചേർക്കണമെന്നുണ്ടെങ്കിൽ, നിങ്ങൾ അവരുടെ പേര് ടൈപ്പ് ചെയ്യാൻ തുടങ്ങുമ്പോൾ, അവരുടെ ഇമെയിൽ വിലാസങ്ങൾ സ്വമേധയാ പൂർത്തിയാക്കിക്കൊണ്ട് Google അത് എളുപ്പമാക്കുന്നു. നിങ്ങൾക്ക് പരിചയമുള്ള ആളുകളുമായി കാര്യങ്ങൾ പങ്കിടുന്നത് ഈ ഫീച്ചർ എളുപ്പമുള്ളതാക്കും. കൂടുതലറിയുക

- നിങ്ങളുടെ ക്രമീകരണത്തെ അടിസ്ഥാനമാക്കി, വ്യക്തിപരമാക്കിയ ഉള്ളടക്കം കാണിക്കാൻ, Google ആപ്പിന്, മറ്റ് Google ഉൽപ്പന്നങ്ങളിൽ നിങ്ങൾ സംഭരിച്ചിട്ടുള്ള ഡാറ്റ ഉപയോഗിക്കാനാകും. ഉദാഹരണത്തിന്, നിങ്ങൾ 'വെബ്, ആപ്പ് ആക്റ്റിവിറ്റി'യിൽ തിരയലുകൾ സംഭരിച്ചിട്ടുണ്ടെങ്കിൽ, നിങ്ങളുടെ ആക്റ്റിവിറ്റിയെ അടിസ്ഥാനമാക്കി, സ്പോർട്സ് സ്കോറുകൾ പോലെയുള്ള നിങ്ങളുടെ താൽപ്പര്യങ്ങളുമായി ബന്ധപ്പെട്ട വാർത്താ ലേഖനങ്ങളും മറ്റ് വിവരങ്ങളും Google ആപ്പിന് കാണിക്കാനാകും. കൂടുതലറിയുക

- നിങ്ങൾ Google Home-ലേക്ക് നിങ്ങളുടെ അക്കൗണ്ട് ലിങ്ക് ചെയ്യുന്നുവെങ്കിൽ, നിങ്ങൾക്ക് Google അസിസ്റ്റന്റിലൂടെ വിവരങ്ങൾ നിയന്ത്രിക്കാനും കാര്യങ്ങൾ ചെയ്യാനുമാകും. ഉദാഹരണത്തിന്, നിങ്ങൾക്ക് Google കലണ്ടറിലേക്ക് ഇവന്റുകൾ ചേർക്കാനോ ആ ദിവസത്തേക്കുള്ള ഷെഡ്യൂൾ ലഭ്യമാക്കാനോ വരാൻ പോകുന്ന ഫ്ലൈറ്റിന്റെ സ്റ്റാറ്റസ് അപ്ഡേറ്റുകൾ ചോദിക്കാനോ നിങ്ങളുടെ ഫോണിലേക്ക് ഡ്രൈവിംഗ് ദിശാസൂചനകൾ പോലുള്ള വിവരങ്ങൾ അയയ്ക്കാനോ കഴിയും. കൂടുതലറിയുക

## ട്രെൻഡുകൾ കാണിക്കുക

ധാരാളം ആളുകൾ എന്തെങ്കിലും തിരയാൻ ആരംഭിക്കുമ്പോൾ, ആ സമയത്തെ പ്രത്യേക ട്രെൻഡുകളെ കുറിച്ചുള്ള ഉപയോഗപ്രദമായ വിവരം അതിന് നൽകാനാവും. ഒരു നിശ്ചിത സമയ കാലയളവിലെ തിരയലുകളുടെ ജനപ്രിയത കണക്കാക്കാൻ Google വെബ് തിരയലുകളെ, Google ട്രെൻഡുകൾ സാമ്പിളുകളായി എടുക്കുന്നു, സമാഹരിച്ചിട്ടുള്ള പദങ്ങളായി പൊതുജനങ്ങൾക്ക് വേണ്ടി ഈ തിരയൽ ഫലങ്ങൾ പങ്കിടുകയും ചെയ്യുന്നു. കൂടുതലറിയുക

## ദുരുപയോഗത്തിന് എതിരെയുള്ള പരിരക്ഷ

ഉദാഹരണത്തിന്, നിങ്ങളുടെ അക്കൗണ്ടിൽ ആരെങ്കിലും നുഴഞ്ഞ് കയറിയിട്ടുണ്ടെന്ന് ഞങ്ങൾക്ക് തോന്നിയാൽ, നിങ്ങളെ അക്കാര്യം അറിയിക്കാൻ, സുരക്ഷാ ഭീഷണികളെ കുറിച്ചുള്ള വിവരങ്ങൾ ഞങ്ങളെ സഹായിക്കും (ഇത്തരമൊരു സാഹചര്യത്തിൽ അക്കൗണ്ട് പരിരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിങ്ങളെ സഹായിക്കാൻ ഞങ്ങൾക്കാകും).

## ദുരുപയോഗം കണ്ടെത്തുക

ഞങ്ങളുടെ സിസ്റ്റങ്ങളിൽ, ഞങ്ങളുടെ നയങ്ങളെ ലംഘിക്കുന്ന തരത്തിലുള്ള, സ്‌പാമും മാൽവെയറും നിയമവിരുദ്ധമായ ഉള്ളടക്കവും ദുരുപയോഗത്തിന്റെ മറ്റ് രൂപങ്ങളും കണ്ടെത്തുമ്പോൾ, നിങ്ങളുടെ അക്കൗണ്ട് പ്രവർത്തനരഹിതമാക്കുകയോ മറ്റേതെങ്കിലും ഉചിതമായ നടപടി കൈക്കൊള്ളുകയോ ചെയ്‌തേക്കാം. ചില സാഹചര്യങ്ങളിൽ, ഉചിതമായ നിയന്ത്രണാധികാരികൾക്ക് ഈ ലംഘനത്തെ കുറിച്ച് ഞങ്ങൾ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്‌തേക്കാം.

## നിങ്ങളുടെ ഉപകരണത്തിന് അരികിലുള്ള സംഗതികളെ കുറിച്ചുള്ള വിവരങ്ങൾ

നിങ്ങൾ Android-ൽ Google ലൊക്കേഷൻ സേവനങ്ങൾ ഉപയോഗിക്കുന്നുവെങ്കിൽ, Google മാപ്‌സ് പോലെ, നിങ്ങളുടെ ലൊക്കേഷനെ ആശ്രയിക്കുന്ന ആപ്പുകളുടെ പ്രകടനം മെച്ചപ്പെടുത്താൻ ഞങ്ങൾക്കാകും. Google ലൊക്കേഷൻ സേവനങ്ങൾ ഉപയോഗിക്കുന്നുവെങ്കിൽ, ഉപകരണത്തിന്റെ ലൊക്കേഷൻ, സെൻസറുകൾ (ആക്‌സിലറോമീറ്റർ പോലുള്ളവ), ചുറ്റുവട്ടത്തുള്ള സെൽ ടവറുകൾ, വൈഫൈ ആക്‌സസ് പോയിന്റുകൾ (MAC വിലാസവും സിഗ്‌നൽ ദൃഢതയും പോലുള്ളവ) എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ നിങ്ങളുടെ ഉപകരണം Google-ന് അയയ്ക്കുന്നു. ഈ സംഗതികളെല്ലാം നിങ്ങളുടെ ലൊക്കേഷൻ നിർണ്ണയിക്കാൻ സഹായിക്കുന്നു. Google ലൊക്കേഷൻ സേവനങ്ങൾ പ്രവർത്തനക്ഷമമാക്കാൻ, നിങ്ങളുടെ ഉപകരണ ക്രമീകരണം ഉപയോഗിക്കാവുന്നതാണ്. കൂടുതലറിയുക

## നിങ്ങളുടെ ഉപകരണത്തിൽ നിന്നുള്ള സെൻസർ ഡാറ്റ

നിങ്ങളുടെ ഉപകരണത്തിൽ നിങ്ങളുടെ ലൊക്കേഷനും ചലനവും കൂടുതൽ നന്നായി മനസ്സിലാക്കാൻ ഉപയോഗിക്കാൻ കഴിയുന്ന സെൻസറുകൾ ഉണ്ടായേക്കാം. ഉദാഹരണത്തിന്,

ആക്സിലറോമീറ്ററിന് വേഗത പോലുള്ള കാര്യങ്ങൾ നിർണ്ണയിക്കാനാകും, ജൈറോസ്കോപ്പിന് യാത്രയുടെ ദിശ അനുമാനിക്കാനാകും.

## നിങ്ങളുടെ വിവരങ്ങൾ പ്രോസസ് ചെയ്യാൻ ഉത്തരവാദിത്തപ്പെട്ട ഡാറ്റ കൺട്രോളർ

നിങ്ങളുടെ വിവരങ്ങൾ പ്രോസസ് ചെയ്യാനും ബാധകമായ സ്വകാര്യ നിയമങ്ങൾ അനുസരിക്കാനും ഉത്തരവാദിത്തപ്പെട്ട Google അനുബന്ധ സ്ഥാപനം എന്നാണിതിനർത്ഥം.

## നിങ്ങളുടെ Google അക്കൗണ്ടുമായി സമന്വയിപ്പിക്കപ്പെടുന്നു

നിങ്ങളുടെ Google അക്കൗണ്ടുമായുള്ള Chrome സമന്വയം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടെങ്കിൽ, നിങ്ങളുടെ അക്കൗണ്ടിലേക്ക് മാത്രം Chrome ബ്രൗസിംഗ് ചരിത്രം സംരക്ഷിക്കപ്പെടുന്നു. കൂടുതലറിയുക

## നിയമ നടപടി അല്ലെങ്കിൽ നിർബന്ധിത സർക്കാർ അഭ്യർത്ഥന

മറ്റ് സാങ്കേതികവിദ്യാ - ആശവിനിമയ കമ്പനികൾക്ക് ലഭിക്കുന്നത് പോലെ തന്നെ, ഉപയോക്തൃ ഡാറ്റ വെളിപ്പെടുത്തുന്നതിന് ലോകമെമ്പാടുമുള്ള സർക്കാരുകളിൽ നിന്നും കോടതികളിൽ നിന്നും Google-ന് പതിവായി അഭ്യർത്ഥനകൾ ലഭിക്കുന്നു. Google-ൽ നിങ്ങൾ സംഭരിക്കുന്ന ഡാറ്റയുടെ സ്വകാര്യതയും സുരക്ഷയും മാനിക്കുന്നത് ഈ ലീഗൽ അഭ്യർത്ഥനകൾക്ക് അനുസൃതമായി പ്രവർത്തിക്കുന്നതിനുള്ള ഞങ്ങളുടെ സമീപനത്തെ പിന്തുണയ്ക്കുന്നു. പരാതിയുടെ തരം പരിഗണിക്കാതെ തന്നെ ഞങ്ങളുടെ നിയമ ടീം എല്ലാ അഭ്യർത്ഥനകളും അവലോകനം ചെയ്യുന്നു, അഭ്യർത്ഥനകൾ വളരെയധികം വിപുലമാണെങ്കിലോ ശരിയായ പ്രക്രിയ പിന്തുടരുന്നില്ലെങ്കിലോ, പലപ്പോഴും അത്തരം അഭ്യർത്ഥനകൾ ഞങ്ങൾ തിരിച്ചയയ്ക്കും. ഞങ്ങളുടെ സുതാര്യത റിപ്പോർട്ടിൽ കൂടുതലറിയുക.

## നിർദ്ദിഷ്ട പങ്കാളികൾ

ഉദാഹരണത്തിന്, കുക്കികളോ സമാന സാങ്കേതികവിദ്യകളോ ഉപയോഗിച്ച്, YouTube വീഡിയോകളുടെയോ പരസ്യങ്ങളുടെയോ കാഴ്ചക്കാരെ കുറിച്ച് അറിയാൻ, 'മെഷ്വർമെന്റ്' കമ്പനികളുമായി സഹകരിച്ച് പ്രവർത്തിക്കാൻ ഞങ്ങൾ YouTube സ്രഷ്ടാക്കളെയും പരസ്യദാതാക്കളെയും അനുവദിക്കുന്നു. വ്യത്യസ്തരായ എത്ര ആളുകൾ, തങ്ങളുടെ ഉൽപ്പന്ന ലിസ്റ്റിംഗുകൾ കാണുന്നുണ്ടെന്ന് മനസിലാക്കാൻ കുക്കികൾ ഉപയോഗിക്കുന്ന ഞങ്ങളുടെ ഷോപ്പിംഗ് പേജുകളിലെ വ്യാപാരികളാണ് മറ്റൊരു ഉദാഹരണം. ഈ പങ്കാളികളെ കുറിച്ചും

അവർ എങ്ങനെയാണ് നിങ്ങളുടെ വിവരങ്ങൾ ഉപയോഗിക്കുന്നത് എന്നതിനെ കുറിച്ചും കൂടുതൽ അറിയുക.

## നിർദ്ദിഷ്‌ട Google സേവനങ്ങൾ

ഉദാഹരണത്തിന്, Blogger-ൽ നിന്ന് നിങ്ങളുടെ ബ്ലോഗ് അല്ലെങ്കിൽ Google Sites-ൽ നിന്ന് നിങ്ങളുടെ Google Site ഇല്ലാതാക്കാവുന്നതാണ്. Play സ്റ്റോറിലെ ആപ്പുകളിലും ഗെയിമുകളിലും മറ്റ് ഉള്ളടക്കങ്ങളിലും നിങ്ങൾ ഇട്ടിട്ടുള്ള അവലോകനങ്ങൾ നിങ്ങൾക്ക് ഇല്ലാതാക്കാവുന്നതാണ്.

## നീക്കം ചെയ്യുക

ഉദാഹരണത്തിന്, മുകളിൽ വിവരിച്ചിരിക്കുന്നത് പോലെ ബാധകമായ നിയമവും (ഡാറ്റാ പരിരക്ഷാ നിയമം ഉൾപ്പെടെ) ഞങ്ങളുടെ നയങ്ങളും അടിസ്ഥാനമാക്കി നിങ്ങൾക്ക് നിർദ്ദിഷ്‌ട Google സേവനങ്ങളിൽ നിന്ന്, നിങ്ങളുടെ വിവരങ്ങൾ അടങ്ങിയിരിക്കാനിടയുള്ള ഉള്ളടക്കം ഉൾപ്പെടെയുള്ള ഉള്ളടക്കം നീക്കം ചെയ്യാൻ അഭ്യർത്ഥിക്കാം.

## പേയ്‌മെന്റ് വിവരം

ഉദാഹരണത്തിന്, നിങ്ങൾ Google അക്കൗണ്ടിലേക്ക് ഒരു ക്രെഡിറ്റ് കാർഡോ മറ്റേതെങ്കിലും പേയ്‌മെന്റ് രീതിയോ ചേർക്കുമ്പോൾ, ഞങ്ങളുടെ സേവനങ്ങളിൽ ഉടനീളം, Play സ്റ്റോറിലെ ആപ്പുകൾ എന്ന പോലെയുള്ള സംഗതികൾ വാങ്ങാൻ നിങ്ങൾക്കത് ഉപയോഗിക്കാവുന്നതാണ്. നിങ്ങളുടെ പേയ്‌മെന്റ് പ്രോസസ്സ് ചെയ്യാൻ സഹായിക്കാൻ ബിസിനസ്സ് ടാക്സ് ഐഡി പോലുള്ള മറ്റ് വിവരങ്ങളും ഞങ്ങൾ ചോദിച്ചേക്കാം. ചില സാഹചര്യങ്ങളിൽ, ഞങ്ങൾക്ക് നിങ്ങളുടെ ഐഡന്റിറ്റി പരിശോധിച്ചുറപ്പിക്കേണ്ടതായി വന്നേക്കാം, ഇത് ചെയ്യുന്നതിന് ചില വിവരങ്ങൾ തരാൻ ഞങ്ങൾ ആവശ്യപ്പെട്ടേക്കാം.

നിങ്ങൾ പ്രായവുമായി ബന്ധപ്പെട്ട ആവശ്യകത നിറവേറ്റുന്നുണ്ടോ എന്ന് പരിശോധിച്ചുറപ്പിക്കാനും ഞങ്ങൾ പേയ്‌മെന്റ് വിവരങ്ങൾ ഉപയോഗിച്ചേക്കാം; ഒരു Google അക്കൗണ്ട് സൃഷ്‌ടിക്കാനുള്ള പ്രായം നിങ്ങൾക്കായിട്ടില്ലെന്ന് സൂചിപ്പിക്കുന്ന, തെറ്റായ ജന്മദിനം നൽകുന്നത് ഒരു ഉദാഹരണമാണ്. കൂടുതലറിയുക

## പൊതുജനങ്ങൾ

ഉദാഹരണത്തിന്, ഞങ്ങളുടെ സേവനങ്ങളിൽ നിന്ന് ഉള്ളടക്കം നീക്കം ചെയ്യാനുള്ള അഭ്യർത്ഥനകൾ സംബന്ധിച്ച വിവരങ്ങൾ, ഉള്ളടക്കം നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട Google-ന്റെ നയങ്ങളും അഭ്യർത്ഥന വിലയിരുത്താനുള്ള ബാധകമായ നിയമവും അടിസ്ഥാനമാക്കി ഞങ്ങൾ പ്രോസസ് ചെയ്യും, ഈ പ്രവർത്തനരീതികളിൽ സുതാര്യത ഉറപ്പാക്കാനും ഉത്തരവാദിത്തമേറ്റെടുക്കൽ മെച്ചപ്പെടുത്താനും ദുരുപയോഗവും തട്ടിപ്പും തടയാനുമാണിത്.

## പൊതുജനങ്ങൾക്ക് ആക്‌സസ് ചെയ്യാവുന്ന ഉറവിടങ്ങൾ

ഉദാഹരണത്തിന്, Google-ന്റെ AI മോഡലുകളെ പരിശീലിപ്പിക്കാനും Google Translate, Bard, Cloud AI ശേഷികൾ പോലുള്ള ഉൽപ്പന്നങ്ങളും ഫീച്ചറുകളും നിർമ്മിക്കാനും സഹായിക്കുന്നതിന് ഓൺലൈനിൽ പൊതുവായി ലഭ്യമായ അല്ലെങ്കിൽ മറ്റ് പൊതു ഉറവിടങ്ങളിൽ നിന്നുള്ള വിവരങ്ങൾ ഞങ്ങൾ ശേഖരിച്ചേക്കാം. അല്ലെങ്കിൽ, വെബ്‌സൈറ്റിൽ നിങ്ങളുടെ ബിസിനസിന്റെ വിവരങ്ങൾ ദൃശ്യമാകുന്നുവെങ്കിൽ ഞങ്ങൾ അവ സൂചികയിലാക്കി Google സേവനങ്ങളിൽ പ്രദർശിപ്പിച്ചേക്കാം.

## പൊതുജനങ്ങൾക്ക് പ്രയോജനങ്ങൾ നൽകൽ

ഉദാഹരണത്തിന്, ഞങ്ങളുടെ സേവനങ്ങളിൽ നിന്ന് ഉള്ളടക്കം നീക്കം ചെയ്യാനുള്ള അഭ്യർത്ഥനകൾ സംബന്ധിച്ച വിവരങ്ങൾ, ഈ അഭ്യർത്ഥനകളെ കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കാനും ഗവേഷണം സുഗമമാക്കാനും സുതാര്യത നൽകാനും ഞങ്ങൾ പ്രോസസ് ചെയ്യുന്നു.

## ഫോൺ നമ്പർ

നിങ്ങളുടെ അക്കൗണ്ടിലേക്ക് നിങ്ങളുടെ ഫോൺ നമ്പർ ചേർക്കുന്നുവെങ്കിൽ, നിങ്ങളുടെ ക്രമീകരണത്തെ അടിസ്ഥാനമാക്കി, Google സേവനങ്ങളിൽ ഉടനീളം വിവിധ ഉദ്ദേശ്യങ്ങൾക്കായി ഈ ഫോൺ നമ്പർ ഉപയോഗിക്കാവുന്നതാണ്. ഉദാഹരണത്തിന്, നിങ്ങൾ പാസ്‌വേഡ് മറന്നുപോവുകയാണെങ്കിൽ അക്കൗണ്ട് ആക്‌സസ് ചെയ്യാൻ സഹായിക്കാനും ആളുകൾക്ക് നിങ്ങളെ കണ്ടെത്താനും നിങ്ങളുമായി കണക്റ്റ് ചെയ്യാനും കാണുന്ന പരസ്യങ്ങൾ കൂടുതൽ പ്രസക്തിയുള്ളതാക്കാനും നിങ്ങളുടെ ഫോൺ നമ്പർ ഉപയോഗിക്കാവുന്നതാണ്.
കൂടുതലറിയുക

## മറ്റ് സൈറ്റുകളിലും ആപ്പുകളിലുമുള്ള നിങ്ങളുടെ ആക്റ്റിവിറ്റി

Chrome-നൊപ്പം നിങ്ങളുടെ അക്കൗണ്ട് സമന്വയിപ്പിക്കലോ Google-മായി പങ്കാളിത്തമുള്ള സൈറ്റുകളിലേക്കും ആപ്പുകളിലേക്കും നിങ്ങളുടെ സന്ദർശനങ്ങളോ പോലെ, Google സേവനങ്ങളുടെ നിങ്ങളുടെ ഉപയോഗത്തിൽ നിന്നുള്ളതായിരിക്കാം ഈ ആക്റ്റിവിറ്റി. നിരവധി വെബ്സൈറ്റുകളും ആപ്പുകളും, അവയുടെ ഉള്ളടക്കവും സേവനങ്ങളും മെച്ചപ്പെടുത്താൻ Google-മായി പങ്കാളിത്തത്തിൽ ഏർപ്പെടുന്നുണ്ട്. ഉദാഹരണത്തിന്, ഒരു വെബ്സൈറ്റ് ഞങ്ങളുടെ പരസ്യ സേവനങ്ങൾ (AdSense പോലുള്ളവ) അല്ലെങ്കിൽ അനലിറ്റിക്സ് ഉപകരണങ്ങൾ (Google അനലിറ്റിക്സ് പോലുള്ള) ഉപയോഗിച്ചേക്കാം, അല്ലെങ്കിൽ ഇത് മറ്റ് ഉള്ളടക്കം (YouTube-ൽ നിന്നുമുള്ള വീഡിയോകൾ പോലുള്ളവ) ഉൾച്ചേർത്തേക്കാം. ഈ സേവനങ്ങൾ നിങ്ങളുടെ ആക്റ്റിവിറ്റിയെ കുറിച്ചുള്ള വിവരങ്ങൾ Google-മായി പങ്കിടുന്നതോടൊപ്പം നിങ്ങളുടെ അക്കൗണ്ട് ക്രമീകരണത്തിന്റെയും ഉപയോഗത്തിലുള്ള ഉൽപ്പന്നങ്ങളുടെയും അടിസ്ഥാനത്തിൽ (ഉദാഹരണത്തിന്, ഒരു പങ്കാളി ഞങ്ങളുടെ പരസ്യം ചെയ്യൽ സേവനങ്ങൾക്കൊപ്പം Google അനലിറ്റിക്സ് ഉപയോഗിക്കുമ്പോൾ) ഈ വിവരങ്ങളെ നിങ്ങളുടെ വ്യക്തിഗത വിവരവുമായി ബന്ധപ്പെടുത്തിയേക്കാനും ഇടയുണ്ട്.

നിങ്ങൾ ഞങ്ങളുടെ പങ്കാളികളുടെ സൈറ്റുകളോ ആപ്സോ ഉപയോഗിക്കുമ്പോൾ Google, വിവരങ്ങൾ ഉപയോഗിക്കുന്ന രീതിയെക്കുറിച്ച് കൂടുതലറിയുക.

## മൂന്നാം കക്ഷികൾ

ഉദാഹരണത്തിന്, അവകാശ ഉടമകൾക്ക്, ഞങ്ങളുടെ സേവനങ്ങളിൽ അവരുടെ ഉള്ളടക്കം എങ്ങനെയാണ് ഉപയോഗിക്കപ്പെട്ടത് എന്നതിനെ കുറിച്ചുള്ള ഉപയോഗ സ്ഥിതിവിവരക്കണക്ക് റിപ്പോർട്ട് ചെയ്യാൻ നിങ്ങളുടെ വിവരങ്ങൾ ഞങ്ങൾ പ്രോസസ് ചെയ്യും. നിങ്ങളുടെ പേരിനായി ആളുകൾ തിരയുമ്പോഴും നിങ്ങളുടെ വിവരങ്ങൾ ഞങ്ങൾ പ്രോസസ് ചെയ്യും, നിങ്ങളെ കുറിച്ചുള്ള എല്ലാവർക്കുമായി ലഭ്യമായ വിവരങ്ങൾ അടങ്ങിയിരിക്കുന്ന സൈറ്റുകളുടെ തിരയൽ ഫലങ്ങൾ ഞങ്ങൾ കാണിക്കും.

## മെച്ചപ്പെടുത്തലുകൾ നടത്തുക

ഉദാഹരണത്തിന്, ഞങ്ങളുടെ സേവനങ്ങളുമായി എങ്ങനെയാണ് ആളുകൾ ഇന്ററാക്റ്റ് ചെയ്യുന്നതെന്ന് വിശകലനം ചെയ്യാൻ ഞങ്ങൾ കുക്കികളെ ഉപയോഗിക്കുന്നു. കൂടുതൽ മെച്ചപ്പെട്ട ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ ഈ വിശകലനം ഞങ്ങളെ സഹായിക്കുന്നു. ഉദാഹരണത്തിന്, ഒരു പ്രത്യേക ടാസ്ക്ക് പൂർത്തിയാക്കാൻ ആളുകൾ ഒരുപാട് സമയമെടുക്കുന്നു എന്നോ ഘട്ടങ്ങൾ പൂർത്തിയാക്കുന്നതിന് തന്നെ അവർക്ക് ബുദ്ധിമുട്ടുണ്ട് എന്നോ കണ്ടെത്താൻ ഇത് ഞങ്ങളെ സഹായിച്ചേക്കാം. അങ്ങനെ, ഈ ഫീച്ചർ പുനർരൂപകൽപ്പന ചെയ്യാനും എല്ലാവർക്കുമായി ഉൽപ്പന്നം മെച്ചപ്പെടുത്താനും ഞങ്ങൾക്കാനും.

## ലോകമെമ്പാടുമുള്ള സെർവറുകൾ

ഉദാഹരണത്തിന്, ഉപയോക്താക്കൾക്ക് ഞങ്ങളുടെ ഉൽപ്പന്നങ്ങൾ തുടർച്ചയായി ലഭ്യമാക്കുന്നതിന് സഹായിക്കാൻ ലോകമെമ്പാടും സ്ഥിതി ചെയ്യുന്ന ഡാറ്റാ കേന്ദ്രങ്ങൾ ഞങ്ങൾ പ്രവർത്തിപ്പിക്കുന്നുണ്ട്.

## വിവരങ്ങൾ ലിങ്ക് ചെയ്തേക്കാം

ആദ്യ കക്ഷി കുക്കികളെയാണ് Google അനലിറ്റിക്സ് ആശ്രയിക്കുന്നത്, Google അനലിറ്റിക്സ് കസ്റ്റമറാണ് കുക്കികൾ സജ്ജമാക്കുന്നത് എന്നാണ് ഇതിനർത്ഥം. Google അനലിറ്റിക്സ് കസ്റ്റമർക്കോ Google-നോ, Google അനലിറ്റിക്സ് മുഖേന സൃഷ്ടിച്ച ഡാറ്റ, മറ്റ് വെബ്സൈറ്റിലേക്കുള്ള സന്ദർശനങ്ങളുമായി ബന്ധപ്പെട്ട മൂന്നാം കക്ഷി കുക്കികളിലേക്ക് ലിങ്ക് ചെയ്യാനാകും. ഉദാഹരണത്തിന്, കൂടുതൽ പ്രസക്തമായ പരസ്യങ്ങൾ സൃഷ്ടിക്കാനോ ട്രാഫിക്കിനെ കുറിച്ചുള്ള കൂടുതൽ വിശകലനം ചെയ്യാനോ Google അനലിറ്റിക്സ് ഡാറ്റ ഉപയോഗിക്കാൻ പരസ്യദാതാക്കൾ ആഗ്രഹിച്ചേക്കാം. കൂടുതലറിയുക

## വ്യക്തിപരമാക്കിയ പരസ്യങ്ങൾ

പരസ്യദാതാവിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി വ്യക്തിപരമാക്കിയ പരസ്യങ്ങളും നിങ്ങൾ കണ്ടേക്കാം. ഒരു പരസ്യദാതാവിന്റെ വെബ്സൈറ്റിൽ നിന്ന് നിങ്ങൾ എന്തെങ്കിലും വാങ്ങിയിട്ടുണ്ടെങ്കിൽ, നിങ്ങൾക്ക് പരസ്യങ്ങൾ കാണിക്കാൻ ഈ സന്ദർശന വിവരങ്ങൾ അവർക്ക് ഉപയോഗിക്കാനാകും. കൂടുതലറിയുക

## ശബ്ദ, ഓഡിയോ വിവരങ്ങൾ

ഉദാഹരണത്തിന്, നിങ്ങൾ Google Search, Assistant, Maps എന്നിവയുമായി ഇടപഴകുമ്പോൾ Google, നിങ്ങളുടെ Google അക്കൗണ്ടിലേക്ക് ഓഡിയോ റെക്കോർഡിംഗ് സംരക്ഷിക്കണോ എന്ന് നിങ്ങൾക്ക് തിരഞ്ഞെടുക്കാം. "Ok Google" പോലെ നിങ്ങളുടെ ഉപകരണം ഒരു ഓഡിയോ സജീവമാക്കൽ കമാൻഡ് തിരിച്ചറിയുമ്പോൾ, നിങ്ങളുടെ ശബ്ദവും ഓഡിയോയും ഉപകരണം സജീവമാക്കുന്നതിന് കുറച്ച് നിമിഷങ്ങൾക്ക് മുമ്പ് പറഞ്ഞ ഓഡിയോയും Google റെക്കോർഡ് ചെയ്യുന്നു. കൂടുതലറിയുക

## ശരിയായി പ്രവർത്തിക്കാൻ കുക്കികളെ ആശ്രയിക്കുക

ഉദാഹരണത്തിന്, ഒരു ബ്രൗസറിൽ നിരവധി Google ഡോക്സ് തുറക്കുന്നത് സാധ്യമാക്കുന്ന 'lbcs' എന്ന കുക്കി ഞങ്ങൾ ഉപയോഗിക്കുന്നു. ഈ കുക്കിയെ ബ്ലോക്ക് ചെയ്താൽ, പ്രതീക്ഷിച്ച പോലെ Google ഡോക്സ് പ്രവർത്തിക്കുന്നത് തടയും. കൂടുതലറിയുക

## സുരക്ഷയും വിശ്വസനീയതയും

ഞങ്ങളുടെ സേവനങ്ങൾ സുരക്ഷിതവും വിശ്വസനീയവുമാക്കി പരിപാലിക്കാൻ നിങ്ങളുടെ വിവരങ്ങൾ ഞങ്ങൾ എങ്ങനെ ഉപയോഗിക്കും എന്നതിന്റെ ചില ഉദാഹരണങ്ങളിതാ:

- യന്ത്രസംവിധാനം ഉപയോഗിച്ച് സ്വമേധയാ നടത്തുന്ന ദുരുപയോഗം തടയാൻ, IP വിലാസങ്ങളും കുക്കി ഡാറ്റയും ശേഖരിക്കലും വിശകലനം ചെയ്യലും. Gmail ഉപയോക്താക്കൾക്ക് സ്പാം അയയ്ക്കുക, പരസ്യങ്ങളിൽ വ്യാജമായി ക്ലിക്കുചെയ്ത് പരസ്യദാതാക്കളിൽ നിന്ന് പണം തട്ടിക്കുന്നത് അല്ലെങ്കിൽ സേവന വിതരണ നിരാകരണ (DDoS) ആക്രമണം സമാരംഭിച്ച് ഉള്ളടക്കം സെൻസർചെയ്യുക എന്നിവപോലെ ഈ ദുരുപയോഗം പല രീതികളിലും നടക്കുന്നു.
- നിങ്ങളുടെ അറിവില്ലാതെ ആരെങ്കിലും നിങ്ങളുടെ ഇമെയിൽ ആക്സസ് ചെയ്യുകയാണെങ്കിൽ, അത് കണ്ടെത്താൻ, Gmail-ലെ "അവസാന അക്കൗണ്ട് ആക്റ്റിവിറ്റി" ഫീച്ചർ സഹായിക്കുന്നു. നിങ്ങളുടെ മെയിൽ ആക്സസ് ചെയ്ത IP വിലാസങ്ങൾ, ബന്ധപ്പെട്ട ലൊക്കേഷൻ, ആക്സസിന്റെ തീയതിയും സമയവും എന്നിവ പോലെ, Gmail-ലിലെ സമീപകാല ആക്റ്റിവിറ്റിയെ കുറിച്ചുള്ള വിവരങ്ങൾ ഈ ഫീച്ചർ നിങ്ങളെ കാണിക്കുന്നു. കൂടുതലറിയുക

## സൂക്ഷ്മമായി കൈകാര്യം ചെയ്യേണ്ട വിഭാഗങ്ങൾ

നിങ്ങൾക്ക് വ്യക്തിപരമാക്കിയ പരസ്യങ്ങൾ കാണിക്കുമ്പോൾ, നിങ്ങളുടെ ആക്റ്റിവിറ്റിയെ അടിസ്ഥാനമാക്കി, നിങ്ങൾക്ക് താൽപ്പര്യമുണ്ടായേക്കുമെന്ന് ഞങ്ങൾ കരുതുന്ന വിഷയങ്ങൾ ഞങ്ങൾ ഉപയോഗിക്കും. ഉദാഹരണത്തിന്, "പാചകവും പാചകവിധികളും" അല്ലെങ്കിൽ "വിമാന യാത്ര" പോലുള്ള സംഗതികൾക്കായുള്ള പരസ്യങ്ങൾ നിങ്ങൾ കണ്ടേക്കാം. വംശം, മതം, ലൈംഗിക ആഭിമുഖ്യം അല്ലെങ്കിൽ ആരോഗ്യം എന്നിങ്ങനെയുള്ള സൂക്ഷ്മമായി കൈകാര്യം ചെയ്യേണ്ട വിഭാഗങ്ങളെ അടിസ്ഥാനമാക്കിയ വിഷയങ്ങൾ ഞങ്ങൾ ഉപയോഗിക്കില്ല അല്ലെങ്കിൽ അത്തരം വിഭാഗങ്ങളെ അടിസ്ഥാനമാക്കി വ്യക്തിപരമാക്കിയ പരസ്യങ്ങൾ കാണിക്കുകയില്ല. ഞങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കുന്ന പരസ്യദാതാക്കളിൽ നിന്നും ഞങ്ങൾ ഇതേ നിബന്ധന ആവശ്യപ്പെടുന്നു.

## Google ആപ്പുകളുള്ള Android ഉപകരണം

Google ആപ്പുകളുള്ള Android ഉപകരണത്തിൽ Google-ഓ ഞങ്ങളുടെ ഏതെങ്കിലുമൊരു പങ്കാളിയോ വിറ്റ ഉപകരണങ്ങൾ ഉൾപ്പെടുന്നു, കൂടാതെ ഫോണുകളും ക്യാമറകളും വാഹനങ്ങളും വെയറബിളുകളും ടെലിവിഷനുകളും ഉൾപ്പെടുന്നു. Gmail, മാപ്‌സ്, നിങ്ങളുടെ ഫോൺ ക്യാമറ, ഫോൺ ഡയലർ, ടെക്സ്റ്റ്-ടു-സ്പീച്ച് പരിവർത്തനം, കീബോർഡ് ഇൻപുട്ട്, സുരക്ഷാ ഫീച്ചറുകൾ എന്നിവ പോലുള്ള, മുൻകൂറായി ഇൻസ്റ്റാൾ ചെയ്‌തിട്ടുള്ള ആപ്പുകളും Google Play സേവനങ്ങളും ഈ ഉപകരണങ്ങൾ ഉപയോഗിക്കുന്നു. Google Play സേവനങ്ങളെക്കുറിച്ച് കൂടുതലറിയുക.

## Google-ന്റെ പങ്കാളി

പരസ്യങ്ങൾ കാണിക്കാൻ Google-മായി സഹകരിക്കുന്ന രണ്ട് ദശലക്ഷത്തിലധികം Google ഇതര വെബ്‌സൈറ്റുകളും ആപ്പുകളുമുണ്ട്. കൂടുതലറിയുക